2025 FEBRUARY
22
SATURDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിക്ക് തുടക്കമായി

**കൊച്ചി:** വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കേരളത്തിലേക്ക് വരുന്ന നിക്ഷേപകർക്ക് തടസ്സങ്ങൾ നേരിടേണ്ടി വരില്ലെന്ന് സർക്കാർ ഉറപ്പാക്കിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കൊച്ചി ലുലു ബോൾഗാട്ടി ഇൻററർനാഷണൽ കൺവെൻഷൻ സെൻ്ററിൽ ദ്വിദിന ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടി (ഐകെജിഎസ് 2025) ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.



കേരളത്തിന്റെ നിക്ഷേപ സാഹചര്യം ചരിത്രപരമായ പരിവർത്തനത്തിൻറെ എത്തിയിരിക്കുമ്പോഴാണ് ഉച്ചകോടി നടക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സൂചികയിൽ കേരളം ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനത്താണ്. കൂടാതെ കേരളത്തിൻറെ സംരംഭക വർഷം പദ്ധതി ദേശീയ തലത്തിൽ മികച്ച മാതൃകയായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഡിജിറ്റൽ കണക്റ്റിവിറ്റി, ഗതാഗത സൗകര്യങ്ങൾ, തടസ്സമില്ലാത്ത വൈദ്യുതി എന്നിവയുൾപ്പെടെയുള്ള മികച്ച അടിസ്ഥാന സൗകര്യങ്ങൾ കേരളത്തിനുണ്ട്. ഭാവി സാങ്കേതികവിദ്യയാൽ നയിക്കപ്പെടുന്ന വ്യവസായങ്ങൾക്ക് ആവശ്യമായ ഏറ്റവും മികച്ച മാനവ വിഭവശേഷി സംസ്ഥാനം വാഗ്ദാനം ചെയ്യുന്നു. കേരളത്തിൻറെ ഈ വ്യവസായ ആവാസവ്യവസ്ഥയുടെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തേണ്ടത് നിക്ഷേപകരാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.ചടങ്ങിൽ സംസാരിച്ച കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരി(ഓൺലൈൻ), വാണിജ്യമന്ത്രി പീയൂഷ് ഗോയൽ, നൈപുണ്യ വികസന മന്ത്രി ജയന്ത് ചൗധരി എന്നിവർ വേഗത്തിലുള്ള വ്യാവസായിക വികസനം സാധ്യമാക്കുന്ന കേരളത്തിൻറെ ശ്രമങ്ങൾക്ക് കേന്ദ്രത്തിൻറെ പൂർണപിന്തുണ വാഗ്ദാനം ചെയ്തു.കേരളത്തിനായി 50,000 കോടി രൂപ ചെലവ് വരുന്ന 31 റോഡ് വികസന പദ്ധതികൾ നിതിൻ ഗഡ്കരി പ്രഖ്യാപിച്ചു. ദേശീയപാത വികസനം ഉൾപ്പെടെ നിരവധി അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കേരളത്തിനായി നടപ്പാക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിന്റെ വ്യാവസായിക, സാമ്പത്തിക വികസന സംരംഭങ്ങൾക്ക് കേന്ദ്രം പൂർണ്ണ പിന്തുണ നൽകുമെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. കേരളം അതിൻറെ ശക്തി മേഖലകളിലൂടെ 'ഇന്ത്യയുടെ വികസനത്തിലേക്കുള്ള കവാടമായി' മാറിയിരിക്കുന്നുവെന്ന് കേന്ദ്രമന്ത്രി ജയന്ത് ചൗധരി പറഞ്ഞു. നൈപുണ്യ ശേഷിയുള്ള മനുഷ്യവിഭവത്തിലൂടെ നവീകരണത്തിലും നൂതന സാങ്കേതിക വിദ്യയിലും രാജ്യത്തിന് വലിയ സംഭാവന നൽകാൻ കേരളത്തിന് സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ത്യയും യുഎഇയും തമ്മിലുള്ള ചരിത്രപരമായ സാമ്പത്തിക പങ്കാളിത്തത്തിൽ ശ്രദ്ധേയമായ വളർച്ചയുണ്ടായിട്ടുണ്ടെന്നും ഇന്ത്യ യുഎഇയുടെ രണ്ടാമത്തെ വലിയ വ്യാപാര പങ്കാളിയാണെന്നും യുഎഇ സാമ്പത്തിക മന്ത്രി അദ്ബുള്ള ബിൻ തൗക് അൽ മാരി പറഞ്ഞു. ഭക്ഷ്യ സംസ്കരണം, ടൂറിസം, സാങ്കേതികവിദ്യ, ആരോഗ്യ സംരക്ഷണം, ബഹിരാകാശം തുടങ്ങിയ സുപ്രധാന മേഖലകളിൽ കേരളവുമായി സഹകരിക്കാൻ യുഎഇ താൽപ്പര്യപ്പെടുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു. ഉച്ചകോടിയിൽ 22 അംഗ സംഘത്തെയാണ് അൽ മാരി നയിക്കുന്നത്. ഭക്ഷ്യസുരക്ഷ, ടൂറിസം, ഹോസ്പിറ്റാലിറ്റി, സെമികണ്ടക്ടർ ഉൾപ്പെടെയുള്ള മേഖലകളിൽ കേരളവുമായി പങ്കാളിത്തം ആഗ്രഹിക്കുന്നുണ്ടെന്ന് ബഹ്റൈൻ വാണിജ്യ വ്യവസായ മന്ത്രി അബ്ദുള്ള ബിൻ അദേൽ ഫഖ്രു പറഞ്ഞു.മന്ത്രി പി രാജീവ് അധ്യക്ഷത വഹിച്ചു.

# എഫ്ഡിഐ ചട്ടങ്ങൾ ലംഘിച്ചു; ബിബിസി ഇന്ത്യയ്ക്ക് 3.44 കോടി പിഴ ചുമത്തി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്



**ന്യൂഡൽഹി:** നേരിട്ടുള്ള വിദേശ നിക്ഷേപ (എഫ്ഡിഐ) ചട്ടങ്ങൾ ലംഘിച്ചെന്ന് ആരോപിച്ച് ബിബിസി ഇന്ത്യയ്ക്ക് 3.44 കോടിയിലധികം രൂപ പിഴ ചുമത്തി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി). ആന്റണി ഹണ്ട്, ഇന്ദു ശേഖർ സിൻഹ, പോൾ മൈക്കൽ എന്നീ ബിബിസിയുടെ മൂന്നു ഡയറക്ടർമാർക്ക് 1,14,82,950 രൂപ വീതമാണ് പിഴ ചുമത്തിയത്.

2021 ഒക്ടോബർ 15ന് ശേഷം ഓരോ ദിവസവും 5,000 രൂപ വിധം പിഴയും ചുമത്തിയിട്ടുണ്ട്. ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് (ഫെമ) ലംഘനങ്ങൾ ചൂണ്ടിക്കാണിച്ചാണ് ബിബിസിക്കെതിരായ നടപടി. 2023 ഓഗസ്റ്റ് 4 ന് പ്രസ്തുത നിയമ ലംഘനങ്ങളിൽ കാരണം കാണിക്കൽ നോട്ടിസ് നൽകിയിരുന്നു. ഇതിനു പിന്നാലെയാണ് പിഴ ചുമത്തൽ നടപടി.

100 ശതമാനം എഫ്ഡിഐ കമ്പനിയായ ബിബിസി വേൾഡ് സർവീസ് ഇന്ത്യ, അവരുടെ എഫ്ഡിഐ 26 ശതമാനമായി കുറയ്ക്കാതെ ഇന്ത്യയിൽനിന്നു ഡിജിറ്റൽ മീഡിയ വഴി വാർത്തകളും വിവരങ്ങളും അപ്‌ലോഡ്/സ്ട്രീം ചെയ്തിരുന്നു. 2019 സെപ്റ്റംബർ 18 ന് ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡിപിഐഐടി) പുറത്തിറക്കിയ പ്രസ് നോട്ട് 4 പ്രകാരം, ഡിജിറ്റൽ മീഡിയയ്ക്ക് 26 ശതമാനം എഫ്ഡിഐ പരിധി വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത് ബിബിസി ലംഘിച്ചതായി ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു.

# സ്വർണ്ണവില കുറഞ്ഞു

**കൊച്ചി:** സർവകാല റിക്കാർഡിട്ട് ഒരു ദിവസത്തിനു ശേഷം താഴേക്കിറങ്ങി സ്വർണം. പവന് 360 രൂപയും ഗ്രാമിന് 45 രൂപയുമാണ് കുറഞ്ഞത്. ഇതോടെ, ഒരു പവൻ സ്വർണത്തിന് 64,200 രൂപയിലും ഗ്രാമിന് 8,025 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവിലയും ഗ്രാമിന് 35 രൂപ കുറഞ്ഞ് 6,605 രൂപയിലെത്തി.

പവന് 280 രൂപ വർധിച്ച് 64,560 രൂപയെന്ന ചരിത്രവിലയിലെത്തിയ ശേഷമാണ് ഇന്നലെ പിൻവാങ്ങിയത്.

# കേരളത്തിൽ 30,000 കോടി നിക്ഷേപിക്കുമെന്ന് കരൺ അദാനി

**കൊച്ചി:** കേരളത്തിൽ അദാനി ഗ്രൂപ്പ് 30,000 കോടി രൂപയുടെ കൂടി നിക്ഷേപം നടത്തുമെന്ന് അദാനി പോർട്സ് ആൻഡ് സെസ് മാനേജിങ് ഡയറക്ടർ കരൺ അദാനി. കൊച്ചി ലുലു ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ ആരംഭിച്ച ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയുടെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ കാലത്താണ് അദാനി ഗ്രൂപ്പ് വിഴിഞ്ഞം പദ്ധതിക്കായി കേരളത്തിൽ വന്നത്. ഇപ്പോൾ പിണറായി വിജയൻ സർക്കാരും മികച്ച പിന്തുണ നൽകുന്നു. വിഴിഞ്ഞത്തിനായി 5,000 കോടി രൂപ നിക്ഷേപിച്ചതിന് പുറമേ തുടർ വികസനത്തിനായി 20,000 കോടി രൂപ കൂടി നിക്ഷേപിക്കും. രാജ്യത്തെ ഏറ്റവും വലിയ കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് തുറമുഖമാക്കി വിഴിഞ്ഞത്തെ മാറ്റും. കമ്മിഷൻ ചെയ്യുംമുമ്പേ 24,000 കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്ന ഏറ്റവും വലിയ കപ്പലും വിഴിഞ്ഞത്തെത്തി എന്നത് നേട്ടമാണ്.

5,200 കോടി രൂപ നിക്ഷേപത്തോടെ തിരുവനന്തപുരം വിമാനത്താവളത്തിന്റെ അടുത്തഘട്ട വിപുലീകരണവും ആസൂത്രണം ചെയ്തിട്ടുണ്ട്. കൊച്ചി കളമശേരിയിൽ ലോജിസ്റ്റിക്സ് പാർക്കും സജ്ജമാക്കും. സിമന്റ് മേഖലയുടെ വികസനത്തിനും നിക്ഷേപം നടത്തുമെന്നും കരൺ അദാനി പറഞ്ഞു. മാതൃകയാക്കാവുന്ന വികസനത്തിലാണ് കേരളം. സംസ്ഥാനത്തിന്റെ ദുരന്തനിവാരണ പ്രവർത്തനങ്ങളും ശ്രദ്ധേയമാണെന്ന് അദ്ദേഹം പറഞ്ഞു.






# കുസാറ്റിൽ ഡോ. കെ. ജി. നായർ മെമ്മോറിയൽ പ്രഭാഷണം സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ഫെബ്രുവരി 20 ന് ഡോ. കെ. ജി. നായർ മെമ്മോറിയൽ പ്രഭാഷണം സംഘടിപ്പിച്ചു. കുസാറ്റ് ഇലക്ട്രോണിക്സ് വകുപ്പിലെ മുൻ പ്രൊഫസറും സോഫിസ്റ്റിക്കേറ്റഡ് ടെസ്റ്റ് ആൻറ് ഇൻസ്ട്രുമെൻറേഷൻ സെൻറർ (സ്റ്റിക്), സെൻറർ ഫോർ സയൻസ് ഇൻ സൊസൈറ്റി എന്നീ സ്ഥാപനങ്ങളുടെ സ്ഥാപക ഡയറക്ടറുമായ ഡോ. കെ ഗോപാലകൃഷ്ണൻ നായരുടെ (ഡോ. കെ. ജി. നായർ) സ്മരണാർത്ഥമാണ് പ്രഭാഷണം സംഘടിപ്പിച്ചത്.

സിഎസ്ഐഎസ് ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന ചടങ്ങിൽ കുസാറ്റ് വൈസ് ചാൻസലർ പ്രഫസർ ഡോ എം. ജുനൈദ് ബുഷിരി അധ്യക്ഷത വഹിച്ചു. ഓക്സ്ഫോർഡ് സർവകലാശാല പ്രൊഫസറും പ്രമുഖ ശാസ്ത്രജ്ഞനുമായ ഡോ. രാജീവ് പട്ടത്തിൽ പ്രഭാഷണം നടത്തി.

പരിപാടിയിൽ കുസാറ്റ് രജിസ്ട്രാർ ഡോ. എ. യു. അരുൺ, സിഎസ്ഐഎസ് ഡയറക്ടർ ഡോ. പി. ഷൈജു, പ്രമുഖ സാഹിത്യകാരൻ രാജൻ തുവാര, സ്റ്റിക് ഡയറക്ടർ ഡോ. ജി. കെ പിള്ള എന്നിവർ ചടങ്ങിൽ സംസാരിച്ചു.

# വൺ നേഷൻ വൺ സബ്സ്ക്രിപ്ഷൻ ഓൺലൈൻ ശിൽപ്പശാല ഇന്ന്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ലൈബ്രറിയുടെ നേതൃത്വത്തിൽ ഫെബ്രുവരി 22 ന് ഒരു രാഷ്ട്രം ഒരു സബ്സ്ക്രിപ്ഷൻ (വൺ നേഷൻ വൺ സബ്സ്ക്രിപ്ഷൻ) എന്ന പദ്ധതിയെക്കുറിച്ച് ഓൺലൈൻ ശിൽപ്പശാല സംഘടിപ്പിക്കുന്നു.സർവകലാശാലകൾ അടക്കം രാജ്യത്തെ ആറായിരത്തി അഞ്ഞൂറിൽ അധികം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു മുപ്പത് അന്താരാഷ്ട്ര പ്രസാധകരുടെ ജേർണലുകൾ ലഭ്യമാക്കുന്നതിനായി ഇന്ത്യ ഗവൺമെൻറ് നടപ്പാക്കുന്ന പുതിയ പദ്ധതിയാണ് 'വൺ നേഷൻ വൺ സബ്സ്ക്രിപ്ഷൻ'. കുസാറ്റ് അസിസ്റ്റൻറ് ലൈബ്രേറിയൻ ഡോ. സുരേന്ദ്രൻ ചെറുകോടൻ ക്ലാസ് നയിക്കും. കൂടുതൽ വിവരങ്ങൾക്ക് 9447579411 എന്ന നമ്പറിൽ ബന്ധപ്പെടുക.

# വനിതകൾക്കായി സാമ്പത്തിക സ്വാതന്ത്ര്യത്തെക്കുറിച്ചു ക്ലാസ് സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല സ്ത്രീ പഠന കേന്ദ്രവും കൊച്ചിൻ യൂണിവേഴ്സിറ്റി വുമൺസ് വെൽഫെയർ ഓർഗനൈസേഷനും സംയുക്തമായി ഫെബ്രുവരി 20 ന് 'സാമ്പത്തിക സ്വാതന്ത്ര്യം സ്ത്രീകൾക്ക്' എന്ന വിഷയത്തിൽ പഠന ക്ലാസ്സ് നടത്തി. പ്രമുഖ സാമ്പത്തിക ലേഖകനും ഗ്രന്ഥകർത്താവുമായ ശ്രീ കെ കെ ജയകുമാർ ക്ലാസുകൾ നയിച്ചു. സ്ത്രീകൾ സാമ്പത്തിക സ്വാതന്ത്ര്യം നേടേണ്ടതിന്റെ പ്രസക്തി, സാമ്പത്തിക ആസൂത്രണത്തിന്റെ ആവശ്യകത, സാമ്പത്തിക സാക്ഷരത, നാണ്യപ്പെരുപ്പത്തെ അതിജീവിക്കുന്ന വിവിധ നിക്ഷേപ മാർഗങ്ങൾ, വരുമാനവും സമ്പാദ്യവും സംബന്ധിച്ച തെറ്റിദ്ധാരണകൾ. സാമ്പത്തിക കാര്യങ്ങളിൽ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ തുടങ്ങിയ വിഷയങ്ങൾ ക്ലാസിൽ ചർച്ച ചെയ്തു. ക്യൂസാറ്റ് സ്ത്രീ പഠന കേന്ദ്രം ഡയറക്ടർ ഡോ. ആശ ഗോപാലകൃഷ്ൻ അധ്യക്ഷത വഹിച്ച പരിപാടിയിൽ കൊച്ചിൻ യൂണിവേഴ്സിറ്റി വുമൺസ് വെൽഫെയർ ഓർഗനൈസേഷൻ വൈസ് പ്രസിഡണ്ട് സൈദ കെ എം ആശംസകൾ അർപ്പിച്ചു. കുസാറ്റ് സ്ത്രീ പഠന കേന്ദ്രം ഡയറക്ടർ ഡോ. ആശ ഗോപാലകൃഷ്ണൻ, അസിസ്റ്റന്റ് ഡയറക്ടർ ഡോ. സംഗീത കെ പ്രതാപ് എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടിയുടെ ഏകോപനം നിർവഹിച്ചത്ഡോ. അനിത പി. മേരി മഞ്ജു എന്നിവരാണ്.

# സംസ്കൃത സർവ്വകലാശാലയിൽ പി. ജി. ഡിപ്ലോമ ഇൻ ആയുർവേദ ഹോസ്പിറ്റൽ മാനേജ്മെന്റ്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ പി. ജി. ഡിപ്ലോമ ഇൻ ആയുർവേദ ഹോസ്പിറ്റൽ മാനേജ്മെന്റ് കോഴ്സ് ഈ അധ്യയനവർഷം ആരംഭിക്കും. ഇന്ത്യയിൽ ഇത്തരത്തിൽ ഒരു കോഴ്സ് ഇദംപ്രഥമമാണ്. സർവ്വകലാശാലയിലെ ആയുർവേദ വിഭാഗത്തിന് കീഴിൽ ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിലാണ് കോഴ്സ് ആരംഭിക്കുക. ഏതെങ്കിലും വിഷയത്തിൽ ബിരുദമാണ് അടിസ്ഥാന യോഗ്യത. ആയുർവേദിക് മെഡിക്കൽ സയൻസിൽ ബിരുദം നേടിയവർക്ക് മുൻഗണന ലഭിക്കും. ആകെ സീറ്റുകൾ 20. ആകെ ഫീസ് 35000. നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് സംബന്ധിയായ അക്രഡിറ്റേഷൻ നടപടികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള സിലബസാണ് സർവ്വകലാശാല തയ്യാറാക്കിയിരിക്കുന്നത്.




# ആശീർവാദങ്ങൾ അല്ല, ഉൽപ്പന്നങ്ങൾക്ക് അന്തസ്സുറ്റ വില നൽകിയാണ് കർഷകനെ ആദരിക്കേണ്ടതെന്ന് മന്ത്രി പ്രസാദ്

**കോഴിക്കോട്:** ആശംസാവാചകങ്ങൾ കൊണ്ടോ, ആശീർവാദങ്ങൾ കൊണ്ടാ അല്ല കർഷകന് ആദരമർപ്പിക്കേണ്ടതെന്നും അന്തസോടെയുള്ള ജീവിത സാഹചര്യം ഉറപ്പാക്കുന്നതിന് ഉൽപ്പന്നങ്ങൾക്ക് മാന്യമായ വില നൽകാൻ സാധിക്കണമെന്നും കൃഷി വകുപ്പ് മന്ത്രി പി പ്രസാദ്. വെള്ളിയാഴ്ച സരോവരം കാലിക്കറ്റ് ട്രേഡ് സെന്ററിൽ നടന്ന 10K എഫ് പി ഒ (ഫാർമർ പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ) മേള 2025 ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

താൻ ഉത്പാദിപ്പിച്ച ഉത്പന്നങ്ങൾക്ക് വില നിശ്ചയിക്കാൻ അധികാരമില്ല എന്നതാണ് കർഷകർ എക്കാലവും നേരിടുന്ന വെല്ലുവിളി. കർഷകരെ ദൈവമായി അവതരിപ്പിക്കുകയും പ്രകീർത്തനം നടത്തുകയും ചെയ്യുമ്പോഴും കർഷകർക്ക് മാന്യമായ ജീവിത സാഹചര്യം ഉറപ്പാക്കാനാവുന്നില്ല. വില നിശ്ചയിക്കുന്നതിനുള്ള അധികാരം കർഷകർക്കാകണമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

പതിവ് കാർഷിക വൃത്തികൾ കൂടാതെ, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കി വിൽപനക്ക് ലഭ്യമാക്കുന്ന സാഹചര്യം കൂടി ഉണ്ടാകണം. നമ്മുടെ സംസ്ഥാനം പ്രാഥമിക കാർഷിക മേഖലയിലാണ് കഴിഞ്ഞ കാലം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. പുതിയ കാലത്ത് ദ്വിതീയ കാർഷിക മേഖലയിൽ ഊന്നിയുള്ള ഉത്പാദനവും വിപണനവും ഗൗരവത്തിൽ സമീപിക്കണം. കർഷക കൂട്ടായ്മകൾ ഇതിനായി ഫലപ്രമായി പ്രയോജനപ്പെടുത്താം. ഇരു രീതികളെയും സംയോജിപ്പിച്ചാകും സർക്കാർ മുന്നേറുക. കൃഷിക്കാരന്റെ വരുമാനത്തിനും പര്യാപ്തതക്കുമാണ് സർക്കാർ മുൻഗണ നൽകുക.

മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ഭാഗമായി തന്നെ മൂല്യവർദ്ധിത കൃഷിയും സാധ്യമാകും. ഇത് സംയോജിപ്പിച്ചുള്ള പദ്ധതികളാണ് നമുക്കാവശ്യം. ഒരു കൃഷിഭവൻ 5 മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കാവുന്ന നില നമുക്ക് കൈവരിക്കണം. നാട്ടിലും മറുനാട്ടിലും സാധ്യമായ വിപണികൾ കണ്ടെത്താനാകണം. നമ്മുടെ നാടിന്റേതായ കാലവസ്ഥ, പശ്ചിമഘട്ടം, ഭൂമി തുടങ്ങിയ ഒട്ടനേകം പ്രത്യേകതകൾ കൊണ്ട് നമ്മുടെ ഉത്പന്നങ്ങൾക്ക് ഗുണമേന്മ കൂടുതലാണ്. കർഷക സംഘങ്ങളെയും കൂട്ടായ്മകളെയും ഉപയോഗപ്പെടുത്തി വിപണന സാധ്യതകൾ വർദ്ധിപ്പിക്കും. സംസ്ഥാനത്ത് ഇതിനകം തന്നെ ഇരുപത്തി മൂവായിരത്തിലധികം കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കാനായിട്ടുണ്ട്.

കൃഷിക്ക് യോഗ്യമായ ഭൂമി നൽകാൻ താത്പര്യപ്പെടുന്നവരെയും ആവശ്യക്കാരെയും ഉൾപ്പെടുത്തി ഒരു ഏകോപിത വേദി നവോത്ഥൻ എന്ന പേരിൽ സംസ്ഥാന സർക്കാറിന്റെ നേതൃത്വത്തിൽ ആവിഷ്കരിക്കുകയാണ്. ക്രോപ്പ് കൾട്ടിവേറ്റേഴ്സ് റൈറ്റ് കാർഡ് അടുത്ത നിയമസഭ വേളയിലേക്ക് തയ്യാറാക്കുമെന്ന് അദ്ദേഹം അറിയിച്ചു.

കൃഷി സർവ്വകാല സർവ്വകാല പ്രസക്തമാണ്. ആ പ്രാധാന്യം കണക്കിലെടുത്ത് ഇടപെടുന്നതിന് ഭരണകൂടങ്ങളും സർക്കാറുകളും തയ്യാറാവണമെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി. നൂറിലധികം എഫ് പി ഒ കൾ ഇതിനകം യാഥാർത്ഥ്യമായെന്നും മന്ത്രി അറിയിച്ചു.

തോട്ടത്തിൽ രവീന്ദ്രൻ എംഎൽഎ അധ്യക്ഷനായി. കാബ്കോ അഡീഷണൽ മാനേജിങ്ങ് ഡയറക്ടർ സാജു കെ സുരേന്ദ്രൻ ഐ ഇ എസ് കാബ്കോ സംരംഭങ്ങളെ പരിചയപ്പെടുത്തി. ഡെപ്യൂട്ടി അഗ്രികൾച്ചറൽ മാർക്കറ്റിങ്ങ് അഡ്വൈസർ ഡോ. അനിൽ കുമാർ ആർ, പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ രജനി മുരളീധരൻ, എ യു ഡബ്യു എം വേങ്ങേരി മാർക്കറ്റ് സെക്രട്ടറി സൂസമ്മ ജോർജ്ജ് എന്നിവർ ആശംസ നേർന്നു. എസ് എഫ് എ സി കേരള മാനേജിങ്ങ് ഡയറക്ടർ ബീനമോൾ ആന്റണി സ്വാഗതവും എ ടി എം എ കോഴിക്കോട് പ്രൊജക്ട് ഡയറക്ടർ സപ്ന എസ് നന്ദിയും പറഞ്ഞു.

കെ ഇ ആർ എ പദ്ധതി സംരംഭങ്ങൾ സംബന്ധിച്ച് ലോങ്ക പ്രൊജക്ട് അസിസ്റ്റന്റ് ഡയറക്ടറും ടീം ലീഡറുമായ ജേക്കബ് ജോയ്, ഉത്പാദന സഖ്യങ്ങൾ സംബന്ധിച്ച് കെ ഇ ആർ എ സേഫ് ഗാർഡ് സ്പെഷ്യലിസ്റ്റ് ഡോ. യമുന എസ് എന്നിവർ വിഷയാവതരണങ്ങൾ നടത്തി. പ്രദർശനം ഞായറാഴ്ച സമാപിക്കും.

സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർട്ടിയം കേന്ദ്ര സംസ്ഥാന സ്ഥാപനങ്ങൾ, സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, കേരള അഗ്രോ ബിസിനസ് കമ്പനി എന്നിവരുടെ കുട്ടായ നേതൃത്വത്തിലാണ് മേള സംഘടിപ്പിക്കുന്നത്.

ആഗ്രികൾച്ചറൽ പ്രൊസസ്ഡ് ഫുഡ് പ്രൊഡക്ട്സ് എക്സ്പോർട്ട് ഡിവലപ്മെന്റ് അതോറിറ്റി, നബാർഡ്, കാനറ ബാങ്ക്, നാഷണൽ ഹോർട്ടികൾച്ചറൽ ബോർഡ്, കേരള ക്ലൈമറ്റ് റസിലിയന്റ് അഗ്രി വാല്യു ചെയിൻ മോഡേണൈസേഷൻ പദ്ധതി എന്നിവരാണ് പരിപാടിക്ക് പിന്തുണ നൽകുന്നത്.

പങ്കാളിത്തവും സഹകരണവും വളർത്തുന്നതിനുള ബിസിനസ് ടു ബിസിനസ് ഇടപെടലുകൾ ഉറാപ്പാക്കുന്നതിനുള്ള ബി 2 ബി (ദിശ 2.0) അഭിമുഖങ്ങൾ, അഗ്രി ബിസിനസ് ഉത്പന്നങ്ങളുടെ വൈവിധ്യമാർന്ന ശ്രേണി ഉൾക്കൊള്ളിച്ചു കൊണ്ടുള വിവിധ എഫ് പി ഒ കൾ ഒരുക്കുന്ന അമ്പതിൽ പരം സ്റ്റാളുകൾ, വിപണനം, ബ്രാൻഡിങ്ങ്, കാര്യക്ഷമത മെച്ചപ്പെടുത്തൽ, സാമ്പത്തിക കാര്യങ്ങൾ തുടങ്ങി അഗ്രി ബിസിനസ്സിന്റെ വിവിധ സാധ്യതകളെ കുറിച്ചുള്ള വിദഗ്ധരുടെ പ്രഭാഷണങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (എഫ് പി ഒ), കമ്പനികൾ (എ എഫ് പി സി) എന്നിവർക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി കെ ഇ ആർ എ പദ്ധതി മുഖേന ഉത്പാദന സഖ്യ സംരംഭത്തിന് തുടക്കമിടുന്നതും വൈകുന്നേരങ്ങളിലെ കലാ സാംസ്കാരിക പരിപാടികളും പ്രധാന ആകർഷണങ്ങളാണ്.

# മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വിഹിതം പുതുക്കണം

**തിരുവനന്തപുരം:** സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ചേർന്നിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും ക്ഷേമനിധി വിഹിതം അടച്ച് അംഗത്വം പുതുക്കണം. മുൻ വർഷങ്ങളിലെ ക്ഷേമനിധി വിഹിതം അടയ്ക്കാൻ കുടിശ്ശികയുള്ള തൊഴിലാളികളും 2024-25 വർഷത്തെ ക്ഷേമനിധി വിഹിതം അടയ്ക്കാത്ത തൊഴിലാളികളും ഫെബ്രുവരി 28 നകം അംശദായം അടയ്ക്കണം. കെ എസ് പുരം ഫിഷറീസ് ഓഫീസ് പരിധിയിലുള്ള കരുനാഗപ്പള്ളി ഉൾനാടൻ, കുലശേഖരപുരം, മരുതൂർ കുളങ്ങര മത്സ്യഗ്രാമങ്ങളിലായി 1988 മത്സ്യത്തൊഴിലാളികളും 971 അനുബന്ധ തൊഴിലാളികളും ഇനിയും വിഹിതം അടച്ച് അംഗത്വം പുതുക്കാനുണ്ട്.

തെക്കുംഭാഗം, കോയിവിള, അരുനല്ലൂർ, വടക്കുഭാഗം, ചവറ പ്രദേശങ്ങളിലെ ഉൾനാടൻ തൊഴിലാളികൾക്കും അനുബന്ധതൊഴിലാളികൾക്കും ക്ഷേമനിധി വിഹിതം അടക്കുന്നതിനായി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രത്യേക ക്യാമ്പ് ഫെബ്രുവരി 24ന് രാവിലെ 10 മുതൽ വൈകിട്ട് 3.30 വരെ തേവലക്കര മത്സ്യഭവനിൽ (കോയിവിള ഭരണിക്കാവ് മത്സ്യഭവൻ) നടത്തും. ക്ലാപ്പന പ്രദേശത്തെ തൊഴിലാളികൾക്ക് വിഹിതം അടയ്ക്കാൻ പ്രത്യേക ക്യാമ്പ് തോട്ടത്തിൽ മുക്ക് ഇ.എം.എസ് ഗ്രന്ഥശാലയിൽ വച്ച് ഫെബ്രുവരി 27ന് നടത്തും. ഫോൺ 9497715526.



## കലൂർ പള്ളിയിൽ വിശുദ്ധ അന്തോണീസിന്റെ തിരുനാൾ കൊടികയറി

**കൊച്ചി:** കലൂർ സെന്റ് ആന്റണീസ് പള്ളിയിൽ വിശുദ്ധ അന്തോണീസിന്റെ അഴുകാത്ത നാവിന്റ തിരുനാൾ കൊടികയറ്റത്തിനും ദിവ്യബലിക്കും വരാപ്പുഴ അതിരൂപത സഹായമെത്രാൻ ഡോ.ആന്റണി വാലുങ്കൽ മുഖ്യകാർമികത്വം വഹിച്ചു. ഫാ.യേശുദാസ് ആശാരിപറമ്പിൽ വചനപ്രഘോഷണം നടത്തി. റെക്ടർ ഫാ.പോൾസൺ സിമേതി, ഫാ.ജിബു വർഗീസ് തൈത്തറ, ഫാ.അഗസ്റ്റിൻ റോഷൻ കല്ലൂർ, ഫാ.റിനോയ് സേവ്യർ കളപ്പുരക്കൽ, ഫാ.സാവിയോ ആന്റണി തെക്കേപ്പാടത്ത്, ഫാ.ജോണിച്ചൻ പൂന്നിലത്ത് എന്നിവർ സഹകാർമികരായിരുന്നു. നാളെ ഇരുപത്തിരണ്ടാം തീയതി ശനിയാഴ്ച വൈകുന്നേരം 5.30ന് ദിവ്യബലിക്ക് വല്ലാർപാടം സെന്റ് മേരിസ് ബസിലിക്ക റെക്ടർ ഫാ.ജെറോം ചമ്മിണികോടത്ത് മുഖ്യകാർമികനും ഫാ.ആന്റണി റാഫേൽ കൊമരൻചാത്ത് വചനപ്രഘോഷകനും ആയിരിക്കും. തിരുനാൾ സമാപനദിവസമായ ഇരുപത്തിമൂന്നാം തീയതി ഞായറാഴ്ച രാവിലെ ഏഴുമണിക്ക് തിരുനാൾ ദിവ്യബലിക്ക് റെക്ടർ ഫാ.പോൾസൺ സിമേതി മുഖ്യകാർമികത്വം വഹിക്കും. 11 മണിക്ക് ആഘോഷമായ തിരുനാൾ ദിവ്യബലിക്ക് വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പ് ഡോ.ജോസഫ് കളത്തിപ്പറമ്പിൽ മുഖ്യ കാർമികത്വം വഹിക്കും. ഫാ.ക്യാപ്പിസ്റ്റൻ ലോപ്പസ് വചനപ്രഘോഷണം നടത്തും. വൈകുന്നേരം 5 മണിക്ക് തിരുനാൾ ദിവ്യബലിക്ക് വരാപ്പുഴ അതിരൂപത വികാരി ജനറൽ മോൺ.മാത്യു കല്ലിങ്കൽ മുഖ്യകാർമികത്വം വഹിക്കും





## വൈ.എം.സി.എ മുതിർന്ന പൗരന്മാരുടെ സംഗമം

**കൊച്ചി:** എറണാകുളം വൈ.എം.സി.എ.യുടെ ആഭിമുഖ്യത്തിൽ മുതിർന്ന പൗരന്മാരുടെ സംഗമം എറണാകുളം വൈ.എം.സി.എയിൽ നടന്നു. ഡോ. ടെറി തോമസ് എടത്തൊട്ടി, പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു. വൈ.എം.സി.എ മുൻ ദേശിയ പ്രസിഡന്റ് ജസ്റ്റിസ് ജെ.ബി. കോശി ഉദ്ഘാടനം ചെയ്തു. എബ്രഹാം സൈമൺ, സോഷ്യൽ സർവീസ് കമ്മിറ്റി ചെയർമാൻ, അഡ്വ. തോമസ് എബ്രഹാം, ഉമ്മൻ ജോൺസൻ, ജോർജ് അലക്സാണ്ടർ, ആൻറ്റോ ജോസഫ്, ജനറൽ സെക്രട്ടറി എന്നിവർ സംസാരിച്ചു. സംഗമത്തിന്റെ ഭാഗമായി സൗജന്യ മെഡിക്കൽ, ഡെൻറ്റൽ കണ്ണ് ക്യാമ്പുകൾ സംഘടിപ്പിച്ചു.

## രജിസ്ട്രേഷൻ ആരംഭിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ഇകണ്ടെന്റ് (സിഡെക്) നേതൃത്വത്തിൽ 8 പുതിയ ഹ്രസ്വകാല ഓൺലൈൻ കോഴ്സുകളുടെ മാർച്ച് 2025 ബാച്ചിനുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. രജിസ്ട്രേഷൻ, ക്ലാസ്, പരീക്ഷ, സർട്ടിഫിക്കേഷൻ എന്നിവ പൂർണമായും ഓൺലൈൻ ആയിരിക്കും.വിദ്യാർത്ഥികൾക്കും പ്രൊഫഷണലുകൾക്കും അവരുടെ സൗകര്യപ്രദമായ സമയത്ത് പഠിക്കാനാകുന്ന തരത്തിൽ റെക്കോർഡഡ് ക്ലാസുകൾ ആണ് ഉണ്ടായിരിക്കുക. ഈ കോഴ്സുകൾ എൻഇപി 2020 ന്റെ യുജിസി മാനദണ്ഡങ്ങൾ പാലിച്ചാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. മറൈൻ, കെമിസ്ട്രി, മാനേജ്മെന്റ്, നിയമം തുടങ്ങിയ വിവിധ വിഷയങ്ങളിൽ പ്രഗൽഭ അധ്യാപകർ തയ്യാറാക്കിയ ഈ കോഴ്സുകൾക്ക് https://cdec.cusat.ac.in/എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാം.

രണ്ടാഴ്ചയിൽ ഒരിക്കൽ അധ്യാപകരോടൊപ്പം വിദ്യാർത്ഥികൾക്ക് തത്സമയ സംവാദ സെഷനുകൾ ഉണ്ടാകും.

കോഴ്സുകൾ പൂർത്തിയാക്കുന്നവർക്ക് 2 മുതൽ 4 അക്കാഡമിക് ബാങ്ക് ക്രെഡിറ്റുകൾ ലഭിക്കും. യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് നൽകിയാൽ കുസാറ്റ് സർട്ടിഫിക്കറ്റും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് https://cdec.cusat.ac.in/ എന്ന വെബ്സൈറ്റിലോ 04842862094 എന്ന നമ്പറിലോ ബന്ധപ്പെടുക.

# ആരോഗ്യം ആനന്ദം അകറ്റാം അർബുദം: കാൻസർ അതിജീവിതരുടെ സംഗമം

**തിരുവനന്തപുരം:** ആരോഗ്യം ആനന്ദംഅകറ്റാം അർബുദം കാൻസർ പ്രതിരോധ ക്യാമ്പയിന്റെ ഭാഗമായി കാൻസർ അതിജീവിതരുടേയും അവരുടെ കുടുംബാംഗങ്ങളുടേയും സംഗമം സംഘടിപ്പിക്കുന്നു. മലബാർ കാൻസർ സെന്റർ, കോഴിക്കോട് മെഡിക്കൽ കോളേജ്, മലബാർ മേഖലയിലെ സ്വകാര്യ കാൻസർ ചികിത്സാ ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്നും കാൻസർ രോഗമുക്തി നേടിയവരാണ് സംഗമത്തിൽ പങ്കെടുക്കുന്നത്. ഫെബ്രുവരി 22ന് വൈകുന്നേരം 4 മണിക്ക് കോഴിക്കോട് ജെൻഡർ പാർക്കിൽ വച്ചാണ് കാൻസർ അതിജീവിതരുടെ സംഗമം സംഘടിപ്പിക്കുന്നത്. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് സംഗമത്തിൽ പങ്കെടുത്ത് ആശയവിനിമയം നടത്തും. കാൻസർ സ്ക്രീനിംഗിന് പലരും ഇപ്പോഴും ഭയപ്പെടുന്നു. പല കാൻസറുകളും വളരെ നേരത്തെ കണ്ടെത്തി ചികിത്സിച്ചാൽ ഭേദമാക്കാൻ സാധിക്കുമെന്ന സന്ദേശമാണ് കാൻസർ അതിജീവിതർക്ക് നൽകാനുള്ളത്. അവരുടെ വാക്കുകൾ, അവർ കടന്നു വന്ന വഴികൾ മറ്റുള്ളവരിൽ ഏറെ പ്രചോദനമുണ്ടാക്കും. ഇനിയും കാൻസർ സ്ക്രീനിംഗിൽ പങ്കെടുക്കാത്ത സ്ത്രീകളുണ്ടെങ്കിൽ എത്രയും വേഗം തൊട്ടടുത്ത ആരോഗ്യ കേന്ദ്രത്തിലെത്തി സ്ക്രീനിംഗ് നടത്തേണ്ടതാണ്. കാൻസർ അതിജീവിതരുടെ സംഗമത്തോടനുബന്ധിച്ച് ജെൻഡർ പാർക്കിലെ വനിതാ ജീവനക്കാർക്കായി പ്രത്യേക സ്ക്രീനിംഗും സംഘടിപ്പിക്കും.

സംസ്ഥാന ആരോഗ്യ വകുപ്പ് പൊതുജന പങ്കാളിത്തത്തോടെ കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായാണ് ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻ ആരംഭിച്ചത്. ഇതുവരെ 2.75 ലക്ഷത്തിലധികം പേരാണ് കാൻസർ സ്ക്രീനിംഗിൽ പങ്കെടുത്തത്. 1372 സർക്കാർ ആശുപത്രികളിൽ സ്ക്രീനിംഗിനായുള്ള സംവിധാനങ്ങളൊരുക്കിയിട്ടുണ്ട്. സ്ക്രീൻ ചെയ്തതിൽ 15,023 പേരെ കാൻസർ സംശയിച്ച് തുടർ പരിശോധനയ്ക്ക് റഫർ ചെയ്തു. പരിശോധനയിൽ കാൻസർ സ്ഥിരീകരിക്കുന്നവർക്ക് ചികിത്സയും തുടർ പരിചരണവും ലഭ്യമാക്കുന്നു. ഈ ക്യാമ്പയിനിലൂടെ നിലവിൽ 37 പേർക്ക് കാൻസർ സ്ഥിരീകരിച്ചിട്ടുണ്ട്. ഇവരിൽ ഭൂരിപക്ഷം പേരിലും പ്രാരംഭഘട്ടത്തിൽ തന്നെ കാൻസർ കണ്ടുപിടിക്കാനായതിനാൽ ചികിത്സിച്ച് വേഗം ഭേദമാക്കാൻ സാധിക്കും.



ചാവറ ഫിലിം സ്കൂൾ നാഷണൽ ഷോർട്ട് ഫിലിം ഫെസ്റ്റിവലിന് ജയ കമ്മത്ത് തിരി തെളിയിച്ചു ഉദ് ഘാടനം നിർവഹിക്കുന്നു. ആനന്ദ വല്ലിദേവി, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി. എം. ഐ., വി. കെ. സുഭാഷ്, പി. കെ. വേണുഗോപാലൻ, സുരേഷ് കമ്മത്ത് എന്നിവർ സമീപം.

# ചാവറ ഷോർട്ട് ഫിലിം ഫെസ്റ്റിവൽ ആരംഭിച്ചു

**കൊച്ചി :** മലയാള സിനിമയ്ക്ക് അതുല്യമായ സംഭാവന കൾ നൽകിയ എം. ടി വാസുദേവൻ നായർക്ക് ആദരമർപ്പിച്ചുകൊണ്ട് ചാവറ ഫിലിം സ്കൂൾ നാഷണൽ ഫിലിം ഫെസ്റ്റിവലിന് തുടക്കം കുറിച്ചു. എം. ടി. യുടെ സിനിമാക്കാലം ഡോക്യൂമെന്ററി അവതരിപ്പിച്ചു. കേരളത്തിലുടനീളം 16 എം. എം. പ്രൊജക്റ്ററുമായി സിനിമാപ്രദർശനം നടത്തിയിരുന്ന ബാലകൃഷ്ണൻ ജയ കമ്മത്ത് മാരിലെ ജയ കമ്മത്ത് ഫെസ്റ്റിവലിന് ആദ്യ തിരി തെളിയിച്ചു. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി. എം. ഐ. അധ്യക്ഷത വഹിച്ചു. എച്. ബി. കെ. പ്രൊഡക്ഷൻ നിർമിച്ച വി. കെ. സുഭാഷ് സംവിധാനം ചെയ്ത 16. എം. എം. സ്റ്റോറീസ് ഡോക്യൂമെന്ററി പ്രദർശനവും ഓപ്പൺ ഫോറവും സംഘടിപ്പിച്ചു. വി. കെ. സുഭാഷ്, ആനന്ദവല്ലിദേവി, പി. കെ. വേണുഗോപാലൻ, സുരേഷ് കമ്മത്ത്, ആനന്ദ് ഗഗൻ, എന്നിവർ പങ്കെടുത്തു. ഉരുളെടുത്ത വെള്ളാർമല വിദ്യാലയത്തിലെ കുരുന്നുകൾക്ക് സമർപ്പിച്ചുകൊണ്ട് ചാവറ ഫിലിം സ്കൂൾ വിദ്യാർത്ഥികളുടെ ഹൃസ്വ ചിത്രമായ ഉരുൾ പ്രദർശിപ്പിച്ചു. തുടർന്ന് മത്സര ചിത്രങ്ങളുടെ പ്രദർശനം നടന്നു. ഫെബ്രുവരി 22 ശനിയാഴ്ച രാവിലെ 10 മണിക്ക് സാമൂഹിക പ്രതിബദ്ധതാ ചിത്രം ഉണർവ്വ് , തുടർന്ന് മത്സര ചിത്രങ്ങളുടെ പ്രദർശനം. വൈകുന്നേരം 4.30 ന് ചാവറ ഫിലിം സ്കൂൾ നാഷണൽ ഫിലിം ഫെസ്റ്റിവൽ പുരസ്കാരപ്രഖ്യാപനവും അവാർഡ് സമ്മേളനവും. തുടർന്ന് 6 മണിക്ക് വോയിസ് ഓഫ് ചേർത്തല അവതരിപ്പിക്കുന്ന സംഗീത നിശ. ഫെസ്റ്റിവലിലേക്ക് പ്രവേശനം സൗജന്യമാണെന്ന് ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി. എം. ഐ. അറിയിച്ചു.

## വിദ്യാർത്ഥികളെ ഉപഭോക്തൃ അവകാശങ്ങളുടെ പ്രചാരകരാക്കണം: മന്ത്രി

**കൊച്ചി:** വിദ്യാർത്ഥികളെ ഉപഭോക്തൃ അവകാശങ്ങളുടെ പ്രചാരകരാക്കി അവകാശങ്ങളെക്കുറിച്ച് സമൂഹത്തെ ബോധവാന്മാരാക്കണമെന്ന് ഉപഭോക്തൃകാര്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അഡ്വ. ജി. ആർ. അനിൽ പറഞ്ഞു. തേവര സെക്രഡ്ഹാർട്ട് കോളേജിൽ കൺസ്യൂമർ ക്ലബ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ഇതോടൊപ്പം കോളേജിന് ഹരിത കലാലയ സർട്ടിഫിക്കറ്റും മന്ത്രി സമ്മാനിച്ചു.

ഉപഭോക്താക്കൾ ചൂഷണം ചെയ്യപ്പെടുന്നതിനും കമ്പളിപ്പിക്കപ്പെടുന്നതിനും പ്രധാനകാരണം ഉപഭോക്താവിന്റെ അവകാശങ്ങളെ കുറിച്ചുള്ള അറിവില്ലായ്മയാണ്. അവകാശങ്ങളെ കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന പക്ഷം നിയമവഴിയിലൂടെ അവ സാധ്യമാക്കാൻ ഉപഭോക്താക്കളെ പ്രാപ്തരാക്കാനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനു വേണ്ടി നിരവധി പദ്ധതികൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

സമൂഹത്തിന്റെ താഴെത്തട്ടിൽ നിന്ന് തുടങ്ങുന്ന ബോധവൽക്കരണം, സൗജന്യ നിയമസഹായം, വേഗത്തിലുള്ള തർക്കപരിഹാരം , നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള പരിഷ്കാരങ്ങൾ എന്നിങ്ങനെ നിരവധി പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയിരിക്കുന്നത്.

നമ്മൾ ബന്ധപ്പെടുന്ന വിവിധ മേഖലകളിൽ പലവിധ ചതിക്കുഴികളും ഉണ്ട്. ഇത്തരം ചതിക്കുഴികളിൽ എങ്ങനെ പരിഹാരം കണ്ടെത്താം എന്ന അറിവും ധാരണയും ഇല്ലാത്തതിനാൽ പലരും അതിലേക്ക് വേണ്ടത്ര താൽപര്യം കാണിക്കാറില്ല. എന്നാൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഉള്ള ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ നടത്തിയ ഫലപ്രദമായി ഇടപെടലിലൂടെയാണ് ഇത്തരം പരാതികളുമായി ബന്ധപ്പെട്ട് ആളുകൾ മുന്നോട്ട് വരാൻ ഇടയായ സാഹചര്യമുണ്ടായത്.

ഇത്തരം പ്രവർത്തനങ്ങൾ കുറച്ചുകൂടി വിപുലമാവണമെങ്കിൽ അവകാശങ്ങൾ സംബന്ധിച്ച് സമൂഹത്തിന് നല്ല അറിവുപകരണം. ഇതിന് നമ്മുടെ പരിമിതമായ സംവിധാനങ്ങൾ മതിയാവില്ല. വിദ്യാലയങ്ങളിലും കോളേജുകളിലും കൺസ്യൂമർ ക്ലബ്ബുകൾ രൂപപ്പെടുത്തണം. വിദ്യാർത്ഥികളിലൂടെ ഇത്തരം അറിവുകൾ വിതരണത്തിലേക്ക് എത്തിക്കണം. വിദ്യാർത്ഥികൾ ഇതിൻറെ പ്രചാരകരായി മാറിയാൽ ഏത് നിയമത്തെയും അവകാശത്തെയും സംബന്ധിച്ച് ആളുകളെ ബോധവാന്മാരാകാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# പലഹാര ഗ്രാമം പദ്ധതി ഉദ്ഘാടനം ചെയ്തു

**കണ്ണൂർ:** കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ന്യൂ മാഹി പഞ്ചായത്തിൽ നടപ്പാക്കുന്ന പലഹാര ഗ്രാമം പദ്ധതിക്ക് തുടക്കമായി. പഞ്ചായത്തിലെ അഞ്ച് കുടുംബശ്രീ അംഗങ്ങൾ ചേർന്ന് ആരംഭിച്ച പദ്ധതി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.കെ രത്നകുമാരി ഉദ്ഘാടനം ചെയ്തു. പലഹാര ഗ്രാമം പദ്ധതിയിലൂടെ മലബാറിന്റെ രുചി വൈവിധ്യങ്ങൾ വിനോദസഞ്ചാരികൾക്ക് ഉൾപ്പെടെ അനുഭവിച്ചറിയാൻ സാധിക്കും. സ്ത്രീകൾക്ക് ഒരു വരുമാനമാർഗം ഒരുക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. ജില്ലാ പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ യു.പി ശോഭ ആദ്യ വിൽപ്പന നടത്തി എൻ.വി അജയകുമാർ ഏറ്റുവാങ്ങി.

ന്യൂമാഹി പഞ്ചായത്ത് പ്രസിഡന്റ് എം.കെ സെയ്ത്തു അധ്യക്ഷയായി. കണ്ണൂർ ജില്ലാ പഞ്ചായത്ത് അംഗം ഇ.വിജയൻ മാസ്റ്റർ, ന്യൂ മാഹി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അർജുൻ പവിത്രൻ, കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രം മാനേജർ എസ്.കെ. സുരേഷ് കുമാർ, കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി ടൈനി സൂസൺ ജോൺ, ന്യൂമാഹി സിഡിഎസ് ചെയർപേഴ്സൺ കെ.പി. ലീല, ന്യൂ മാഹി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി എം അനിൽകുമാർ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. തുടർന്ന് കുടുംബശ്രീയുടെ നേതൃത്വത്തിൽ ശിങ്കാരിമേളവും അരങ്ങേറി.




# ആശയങ്ങളുടെ പുതുലോകം തുറന്ന് അധ്യാപകരും വിദ്യാർത്ഥികളും;മികവ് മാറ്റുരച്ച് ജില്ലാതല മികവുത്സവം

**കണ്ണൂർ:** സ്മാർട്ട് ഫോണുകളുടെയും സോഷ്യൽ മീഡിയയുടെയും ഉപയോഗം വ്യാപകമായപ്പോൾ കുട്ടികളുടെ സ്ക്രീൻ ടൈം കൂടി വരുന്നുവെന്ന ആശങ്കയിലാണ് പല രക്ഷിതാക്കളും. ഇതിനെ ശാസ്ത്രീയവും അക്കാദമികവുമായ സാധ്യതകൾ ഉപയോഗിച്ച് മറികടക്കുകയാണ് ശ്രീകണ്ഠാപുരം ഗവ. എച്ച്.എസ്.എസിലെ അധ്യാപകരും വിദ്യാർത്ഥികളും മുന്നോട്ടുവെച്ച ആശയം. ഗണിതശാസ്ത്രത്തിലെ ജ്യാമിതീയ സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പഠനതന്ത്രങ്ങൾ കുട്ടികൾ ത്രിമാന രൂപങ്ങളായി അവതരിപ്പിച്ചപ്പോൾ ജില്ലാതല മികവുത്സവം നവീന അനുഭവമായി. അതികഠിനമായ ഗണിതശാസ്ത്ര പ്രശ്നങ്ങളെ അനായാസമായി കാണാനും സോഷ്യൽ മീഡിയാ ഉപയോഗത്തിൽ നിന്നും വഴിമാറി ഗണിതപ്രശ്നങ്ങളെ ആവേശത്തോടെ സമീപിക്കാനും ഉതകുന്ന രീതിയിൽ ശാസ്ത്രീയമായാണ് അവതരണം നടത്തിയത്. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഓരോ കുട്ടിയും ഗുണമേന്മയോടെ പുറത്തിറങ്ങണമെന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ പദ്ധതിയുടെ മാതൃകയിൽ സമഗ്ര വിദ്യാഭ്യാസ ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് മികവുത്സവം നടക്കുന്നത്. കണ്ണൂർ ജില്ലാതല പരിപാടി ചാല ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ.കെ രത്നകുമാരി ഉദ്ഘാടനം ചെയ്തു. നൂതന പദ്ധതികളിലൂടെ ഗുണപരമായ വിദ്യാഭ്യാസം ഉറപ്പാക്കാനുള്ള ആരോഗ്യപരമായ മത്സരം സ്കൂളുകളിൽ നടക്കുന്നു എന്നത് ഏറെ അഭിമാനകരമാണെന്ന് അവർ പറഞ്ഞു. മുൻപ് അടച്ചുപൂട്ടലിന്റെ വക്കിലായിരുന്ന സ്കൂളുകൾ ഇന്ന് മികവിന്റെ കേന്ദ്രമായി മാറിയത് പൊതുവിദ്യാലയങ്ങളിലെ അക്കാദമിക മികവിന്റെ തെളിവാണ്. ഓരോ കുട്ടിയെയും സമഗ്രമായി പഠിക്കുമ്പോഴാണ് അവരുടെ കഴിവ് മനസ്സിലാവുക. അതിനായുള്ള പദ്ധതിയാണ് മികവുത്സവമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. ഡയറ്റ് പ്രിൻസിപ്പൽ വി.വി പ്രേമരാജൻ അധ്യക്ഷനായി. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ഇ.കെ സുരേശൻ, ഡിഡിഇ ഇൻ ചാർജ് എ.എസ് ബിജേഷ്, എസ്.എസ്.കെ. ഡിപിസി ഇ.സി വിനോദ്, ചാല ഗവ. ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ടി.എം ശ്രീഷ്ണി, എച്ച്എസ്എസ് കണ്ണൂർ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ആർ രാജേഷ് കുമാർ, വിഎച്ച്എസ്ഇ കണ്ണൂർ അസിസ്റ്റന്റ് ഡയറക്ടർ ഇ.ആർ ഉദയകുമാരി, വിദ്യാകിരണം ജില്ലാ കോ ഓർഡിനേറ്റർ കെ.സി സുധീർ, കൈറ്റ് ജില്ലാ കോ ഓർഡിനേറ്റർ കെ സുരേന്ദ്രൻ, പിടിഎ പ്രസിഡന്റ് എൻ പ്രമോദ്, പ്രധാനധ്യാപിക നൈന പുതിയവളപ്പിൽ, സ്റ്റാഫ് സെക്രട്ടറി വി അനീഷ്, കണ്ണൂർ ഡിഇഒ കെ.പി നിർമ്മല തുടങ്ങിയവർ സംസാരിച്ചു.

# സേവന മികവിന് അംഗീകാരം; റവന്യൂ പുരസ്കാര നിറവിൽ കണ്ണൂർ 1 വില്ലേജ്

**കണ്ണൂർ:** അടിസ്ഥാന സൗകര്യങ്ങളിൽ മാത്രമല്ല, പൊതുജനങ്ങൾക്ക് നൽകുന്ന സേവനത്തിലും 'സ്മാർട്ട്' ആണ് കണ്ണൂർ ഒന്ന് വില്ലേജ് ഓഫീസ്. പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെയും പരാതി രഹിതമായും സേവനങ്ങൾ നൽകുന്ന ഈ മികവാണ് കണ്ണൂർ ഒന്ന് വില്ലേജ് ഓഫീസിനെ പുരസ്ക്കാരത്തിന് അർഹമാക്കിയത്. കണ്ണൂർ ജില്ലയിലെ മികച്ച വിലേജ് ഓഫീസിനുള്ള റവന്യു വകുപ്പ് അവാർഡാണ് ഈ ഓഫീസിന് ലഭിച്ചത്. ഇതോടൊപ്പം നികുതി ഉൾപ്പെടെയുള്ള റവന്യു പിരിവിലെ കാര്യക്ഷമമായ പ്രവർത്തനവും പുരസ്ക്കാരത്തിന് ഘടകമായി. കൃത്യമായ സമയക്രമം നിശ്ചയിച്ചാണ് പൊതുജനങ്ങളുടെ അപേക്ഷകൾ പരിഗണിക്കുന്നത്.

ഓഫീസിൽ എത്തുന്നവരെ കേൾക്കാനും അപേക്ഷകൾ സ്വീകരിക്കാനും പ്രത്യേക ക്രമീകരണം. അപേക്ഷകൻ ഏതുദിവസം എത്തണമെന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഡയറിയിൽ എഴുതി വയ്ക്കും. ആദ്യമെത്തുന്നവർക്ക് ആദ്യ പരിഗണന എന്നതാണ് നയം. അപേക്ഷകൾ തീർപ്പാക്കുന്നതിനും പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും മുഴുവൻ ജീവനക്കാരുടെയും കൂട്ടായ പ്രവർത്തനമുണ്ട്. അതിനായി മിക്കപ്പോഴും അധികസമയം ഓഫീസിൽ ചെലവഴിക്കേണ്ടി വരാറുണ്ടെന്ന് വില്ലേജ് ഓഫീസർ കെ.കെ ജയദേവൻ പറഞ്ഞു. ഓൺലൈൻ അപേക്ഷകൾ പരമാവധി അതത് ദിവസം തന്നെ ചെയ്തു തീർക്കും. പ്രതിദിനം ശരാശരി നൂറോളം പേരാണ് വിവിധ ആവശ്യങ്ങൾക്കായി വില്ലേജ് ഓഫീലെത്തുന്നത്. അടിസ്ഥാന ഭൂനികുതി, ആഡംബര നികുതി, കെട്ടിട നികുതി തുടങ്ങിയ ലാൻഡ് റവന്യൂ വകുപ്പ് ചുമത്തുന്ന എല്ലാവിധ നികുതികളും, കരങ്ങളും, സർക്കാർ ഉത്തരവ് പ്രകാരം ഈടാക്കേണ്ടതായ മറ്റു തുകകളും യഥാസമയം പിരിക്കാൻ സാധിച്ചു. റവന്യൂ റിക്കവറി ഇനത്തിൽ 2,50,37065 രൂപയും ലാന്റ് റവന്യൂ വരുമാനത്തിൽ 1,42,88800 രൂപയുമാണ് 2024 ഡിസംബർ വരെ കണ്ണൂർ 1 വില്ലേജ് ഓഫീസ് മുഖേന പിരിച്ചെടുത്തത്. 450 ലധികം ആഡംബര നികുതി പിരിച്ചു. 18000 ത്തോളം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ജീവനക്കാരുടെ കൂട്ടായ പ്രവർത്തനവും കോർപ്പറേഷന്റെയും പൊതുജനങ്ങളുടെയും നിർലോപമായ സഹകരണവുമെല്ലാം കരുത്തായെന്ന് വില്ലേജ് ഓഫീസർ കെ.കെ ജയദേവൻ പറഞ്ഞു. ജില്ലയിലെ ഏറ്റവും വലുതും ജനസംഖ്യ കൂടിയതുമായ വില്ലേജാണ് കണ്ണൂർ ഒന്ന്. കന്റോൺമെന്റ് ഏരിയ ഉൾപ്പെടുന്ന കേരളത്തിലെ ഏക വില്ലേജാണിത്.

വായനശാലകൾ കേന്ദ്രീകരിച്ച് ക്യാമ്പുകളും വില്ലേജ്തല ജനകീയ സമിതികളും സംഘടിപ്പിച്ചു. ദുരന്തങ്ങളും അത്യാഹിതങ്ങളും സംഭവിക്കുമ്പോൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കാര്യക്ഷമമായും പരാതി രഹിതമായും ഏകോപിപ്പിക്കാൻ വില്ലേജ് അധികൃതർ പ്രത്യേകം ശ്രദ്ധിച്ചു. സമയബന്ധിതവും സുതാര്യവുമായ സേവനം പൊതുസമൂഹത്തിന് ലഭ്യമാക്കുന്നതിനാൽ തന്നെ 2021 ലും കണ്ണൂർ 1 വില്ലേജ് ഓഫീസിന് ജില്ലയിലെ മികച്ച വില്ലേജ് ഓഫീസ് എന്ന അംഗീകാരം ലഭിച്ചിരുന്നു. സ്പെഷ്യൽ വില്ലേജ് ഓഫീസർമാരായ ഇ.പി അമ്പിളി, കെ രജിത, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്മാരായ കെ ഷയന, വി ആതിര, പി.വി ബിനീഷ് കുമാർ, എം അനീഷ്, വില്ലേജ് അസിസ്റ്റന്റ് എസ് ആദർശ് എന്നിവർ അടങ്ങുന്ന ടീമാണ് ഈ കാലയളവിൽ കണ്ണൂർ ഒന്ന് വില്ലേജിനെ ജനസൗഹൃദമാക്കാൻ നേതൃത്വം നൽകിയത്. ജില്ലയിലെ 132 വില്ലേജുകളിൽ നിന്നാണ് കണ്ണൂർ ഒന്ന് വില്ലേജ് മികച്ച വില്ലേജായി തിരഞ്ഞെടുക്കപ്പെട്ടത്.

കണ്ണൂർ നിയമസഭാ നിയോജക മണ്ഡലം എംഎൽഎയും രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയുമായ രാമചന്ദ്രൻ കടന്നപ്പള്ളിയുടെ എംഎൽഎ ആസ്തി വികസന ഫണ്ട് മുഖേന ലാപ്ടോപ്പ്, ഡെസ്ക്ടോപ്പ്, പ്രിന്റർ തുടങ്ങിയവ ലഭ്യമാക്കി പൂർണമായും ഹൈടെക് ആയ ഓഫീസാണ് കണ്ണൂർ ഒന്ന് വില്ലേജ് ഓഫീസ്.

# വിജ്ഞാന ആലപ്പുഴമെഗാതൊഴിൽ മേള; 7641 ഉദ്യോഗാർഥികൾ അഭിമുഖത്തിൽ പങ്കെടുത്തു

**ആലപ്പുഴ:** സംസ്ഥാന സർക്കാരിന്റെ വിജ്ഞാന കേരളം പദ്ധതിക്ക് തുടക്കം കുറിച്ചുകൊണ്ട് ഫെബ്രുവരി 15ന് ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടന്ന വിജ്ഞാന ആലപ്പുഴ മെഗാ തൊഴിൽ മേളയിൽ 7641 ഉദ്യോഗാർഥികൾ പങ്കെടുത്തു.

മുൻകൂട്ടി ഡിഡബ്ല്യുഎംഎസ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത 7019 പേരും സ്പോട്ട് രജിസ്ട്രേഷൻ വഴി 622 പേരുമാണ് അഭിമുഖത്തിൽ പങ്കെടുത്തത്. മറ്റ് ജില്ലകളിൽ നിന്ന് 678 തൊഴിലന്വേഷകരാണ് എത്തിയത്. 3727 ഉദ്യോഗാർഥികൾ വിവിധ കമ്പനികളിലെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടതായി കമ്പനികൾ അറിയിച്ചു. ഇവരുടെ വിദ്യാഭ്യാസ യോഗ്യത, പ്രവർത്തിപരിചയം, മറ്റ് മാനദണ്ഡങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തത വരുന്നതിനനുസരിച്ച് നിയമന ഉത്തരവുകൾ നൽകും. ഇന്നലെ വരെ 961 ഉദ്യോഗാർഥികൾക്ക് നിയമന ഉത്തരവുകൾ നൽകികഴിഞ്ഞു.

23171 ഒഴിവുകളിലേയ്ക്കാണ് ഇന്റർവ്യൂ നടന്നത്. 39 പ്രാദേശിക കമ്പനികൾ ഉൾപ്പെടെ 124 കമ്പനികളാണ് മേളയുടെ ഭാഗമായത്. ഫെബ്രുവരി 14ന് നടന്ന വെർചൽ അഭിമുഖത്തിൽ 966 ഉദ്യോഗാർഥികൾ പങ്കെടുത്തു. 58 കമ്പനികളാണ് വെർചൽ അഭിമുഖത്തിൽ പങ്കാളിയായത്. ജില്ലയിലെ 18 ജോബ് സ്റ്റേഷൻ പരിധിയിലുമുള്ള ഉദ്യോഗാർഥികൾക്ക് ഇംഗ്ലീഷ് ഭാഷാ നൈപുണിയിലുൾപ്പെടെ തുടർ പരിശീലനം നൽകി അടുത്ത ആഴ്ച മുതൽ കമ്പനികളുമായി ആലോചിച്ച് ജില്ലയിൽ തന്നെ കൂടുതൽ നിയമനങ്ങൾ ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും.

# ഗോസമൃദ്ധി എൻ എൽ എം ഇൻഷുറൻസ് പദ്ധതി ആരംഭിച്ചു

**തൃശൂർ:** സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര ഗവൺമെന്റിന്റേയും സഹായത്തോടെ ജില്ലയിൽ പശു, എരുമ ഉൾപ്പെടെയുള്ള കന്നുകാലികൾക്കും ക്ഷീരകർഷക്കർക്കും പരിരക്ഷ നല്കുന്നതിനായി ഗോസമൃദ്ധി എൻ എൽ എം ഇൻഷുറൻസ് പദ്ധതി ആരംഭിച്ചു .

ഉരുക്കളുടെ മരണം, ഉൽപാദനക്ഷമത നഷ്ടപ്പെടൽ, കർഷകന്റെ അപകട മരണം എന്നിവയ്ക്ക് പരിരക്ഷ ലഭിക്കും. മൂന്ന് വർഷത്തേക്കും ഒരുവർഷത്തേക്കും ഉരുക്കളെ ഇൻഷുർ ചെയ്യാം. ജനറൽ വിഭാഗത്തിലും പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട കർഷകർക്കും ഈ പദ്ധതിയിൽ ഗുണഭോക്താക്കൾ ആകാം.

2 മുതൽ 10 വയ്യസ്സുവരെ പ്രായമുള്ള പ്രതിദിനം 7 ലിറ്റർ പാലുത്പാദനശേഷിയുള്ള പശുക്കളെയും, എരുമകളെയും, 7 മാസം ഗർഭിണികളായ കിടാരികളെയും, 7 മാസം ഗർഭാവസ്ഥയിൽ ഉള്ള കറവ വറ്റിയ പശുക്കളെയും സ്കീമിൽ ഉൾപ്പെടുത്താനാകും. 65000 രൂപ മതിപ്പ് വില വരുന്ന ഉരുവിന് ജനറൽ വിഭാഗത്തിന് 1356 രൂപയും എസ് സി എസ് ടി വിഭാഗത്തിന് 774 രൂപയുമാണ് ഗുണഭോക്തൃ വിഹിതം. മൂന്ന് വർഷ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് 3319 രൂപയും എസ് സി എസ് ടി വിഭാഗങ്ങൾക്ക് 1892 രൂപയുമാണ് കർഷക വിഹിതം. പദ്ധതിയുടെ സബ്സിഡിയിൽ 1456 രൂപ സർക്കാർ വിഹിതവും 100 രൂപ പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സിന്റെയും ആണ്. 100 രൂപ പ്രീമിയത്തിൽ കർഷകന് 5 ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. ജില്ലയിലെ 3730 ഉരുക്കൾക്കും അവരുടെ ഉടമസ്ഥർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. പദ്ധതിയിൽ അംഗമാകാൻ താല്പര്യമുള്ള കർഷകർ സ്വന്തം തദ്ദേശസ്വയഭരണ സ്ഥാപനങ്ങളിലെ മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ അജിത് ബാബു ജില്ലാ ഇൻഷുറൻസ് നോഡൽ ഓഫീസർ, ഡോ അജയ് കെ ആർ എന്നിവർ അറിയിച്ചു.

# പാലിയേറ്റിവ് ദിനാചാരണവും രോഗീ ബന്ധു സംഗമവും സംഘടിപ്പിച്ചു

**തൃശൂർ:** മുല്ലശ്ശേരി ഗ്രാമപഞ്ചായത്തും സാമൂഹികാരോഗ്യ കേന്ദ്രവും സംയുക്തമായി പാലിയേറ്റിവ് ദിനാചാരണവും രോഗീ ബന്ധു സംഗമവും സംഘടിപ്പിച്ചു. സംഗമം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ദിൽന ധനേഷ് ഉദ്ഘാടനം ചെയ്തു. സംതൃപ്ത പരിചരണം എല്ലാവരുടേയും അവകാശം എന്ന ആശയത്തിലൂന്നിയാണ് രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ബന്ധുക്കൾക്കും വേണ്ടി മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് വിവിധ പദ്ധതികൾ സംഘടിപ്പിച്ചത്.

സംഗമത്തിൽ ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മറ്റി ചെയർപേഴ്സൺ ഷീബ വേലായുധൻ അധ്യക്ഷത വഹിച്ചു. വികസന സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ ശ്രീദേവി ഡേവിസ്, ക്ഷേമ കാര്യ സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ മിനി മോഹൻദാസ് , ജനപ്രതിനിധികളായ ക്ലമന്റ് ഫ്രാൻസിസ് , ടി.ജി. പ്രവീൺ, സുനീതി അരുൺ കുമാർ, ശ്രീദേവി ജയരാജൻ, രാജശ്രീ ഗോപകുമാർ , പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി റെജി, മെഡിക്കൽ ഓഫീസർ സുബി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ സൂപ്രണ്ട് സാജിത ബീഗം രോഗികളുടെ ബന്ധുക്കൾ, ആശ പ്രവർത്തകർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. പാട്ടും നൃത്തവും ഉൾപ്പെടെ വിവിധ കലാപരിപാടികളും അരങ്ങേറി.

# അപേക്ഷ ക്ഷണിച്ചു

**തൃശൂർ:** സംസ്ഥാന വനിതാശിശുവികസന വകുപ്പ് സ്റ്റേറ്റ് നിർഭയാസെല്ലിന്റെ കീഴിൽ, മാനസിക വെല്ലുവിളികൾ നേരിടുന്ന പെൺകുട്ടികൾക്കായി തൃശ്ശൂർ ജില്ലയിൽ സ്പെഷ്യൽ നീഡ്സ് ഹോം പ്രവർത്തിപ്പിക്കാൻ താത്പര്യമുള്ള സന്നദ്ധസംഘടനകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു.

2015 ലെ ബാലനീതി നിയമവും ചട്ടങ്ങളും അനുസരിച്ചുള്ള ഭൗതിക സാഹചര്യങ്ങളും പ്രവർത്തനവും നിർബന്ധമാണ്. അപേക്ഷാഫോറം, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ഓഡിറ്റ് റിപ്പോർട്ട്, 2 വർഷത്തെ പ്രവർത്തന റിപ്പോർട്ട് തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ മാർച്ച് 1ന് വൈകിട്ട് 5 മണിക്ക് മുമ്പായി സ്റ്റേറ്റ് കോഓർഡിനേറ്റർ, സ്റ്റേറ്റ് നിർഭയസെൽ, വനിതശിശുവികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം 695012 എന്ന മേൽവിലാസത്തിൽ ലഭ്യമാക്കണം. ഫോൺ: 0471 2331059.

# ഈറ്റ് റൈറ്റ് വാക്കത്തോണും മേളയും സംഘടിപ്പിക്കുന്നു

**തിരുവനന്തപുരം:** ദേശീയ ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന്റെ നിർദ്ദേശാനുസരണം ജില്ലാ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ ഈറ്റ് റൈറ്റ് വാക്കത്തോണും മേളയും സംഘടിപ്പിക്കുന്നു.

ഇന്ന് രാവിലെ 6.30ന് കവടിയാർ പാർക്ക് മുതൽ കനകക്കുന്ന് കൊട്ടാരം വരെയാണ് വാക്കത്തോൺ സംഘടിപ്പിക്കുന്നത്. വാക്കത്തോൺ ജില്ലാ കളക്ടർ ഫ്ലാഗ് ഓഫ് ചെയ്യും. 'ഈറ്റ് റൈറ്റ് ഇന്ത്യ ഫ്രീഡം ഫ്രം ഡിസീസ് ആൻഡ് ദി ഫ്രീഡം ടു മേക്ക് ഹെൽത്തിയർ ഫുഡ് ചോയിസസ്'എന്നതാണ് വാക്കത്തോണിന്റെ സന്ദേശം.

ഫെബ്രുവരി 25 ന് പാളയം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം ഗ്രൗണ്ടിലുള്ള ഭാഗ്യമാല ഓഡിറ്റോറിയത്തിൽ കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് സെമിനാർ സംഘടിപ്പിക്കുന്നു. ജില്ല സബ് കളക്ടർ ആൽഫ്രഡ് ഒ.വി മുഖ്യ അതിഥിയാകും.

# കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിഭാഷാ ശില്പശാല സമാപിച്ചു



**തിരുവനന്തപുരം :** കേരള സർക്കാരിന്റെ പരിഭാഷാ ഏജൻസിയായ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം ഭാരത് ഭവനിൽ സംഘടിപ്പിച്ചുവന്ന ദ്വിദിന പരിഭാഷാശില്പശാല സമാപിച്ചു. സമാപന സമ്മേളനം ഭാഷാ വകുപ്പിലെ ഭാഷാ വിദഗ്ദ്ധൻ ആർ. ശിവകുമാർ ഉദ്ഘാടനം ചെയ്തു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യുട്ട് ഡയറക്ടർ ഡോ. എം. സത്യൻ അധ്യക്ഷനായി. പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റ് ഭാഷാ വിദഗ്ദ്ധൻ ആർ. ശിവകുമാറും ഇൻസ്റ്റിറ്റ്യുട്ട് ഡയറക്ടർ ഡോ. എം. സത്യനും വിതരണം ചെയ്തു. അസി. ഡയറക്ടർ സുജാ ചന്ദ്ര പി. സ്വാഗതവും എഡിറ്റോറിയൽ അസിസ്റ്റന്റ് മനേഷ് പി. നന്ദിയും പറഞ്ഞു. ലോക മാതൃഭാഷാ ദിനത്തിൽ ശില്പശാലയിലെ പ്രതിനിധികൾക്ക് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് ഓഫീസർ ശ്രീകല ചിങ്ങോലി ഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

രാവിലെ മുതൽ വിവർത്തന ആപ്പുകൾ ഗുണങ്ങളും ദോഷങ്ങളും, വ്യവഹാരഭാഷയും വിവർത്തനത്തിന്റെ വെല്ലുവിളികളും, വിവർത്തനം സങ്കീർണതകളും വെല്ലുവിളികളും'എന്നീ സെഷനുകളിൽ നടന്ന ഡോ. സെൽവരാജ് ആർ., അഡ്വ. ഗോപിനാഥൻ നായർ, ശശിധരൻപിള്ള എന്നിവർ ക്ലാസുകൾ നയിച്ചു. തുടർന്ന് ഗ്രൂപ്പ് ചർച്ച, കേസ് സ്റ്റഡി, ക്രോഡീകരണം എന്നിവയുമുണ്ടായി. ഇൻസ്റ്റിറ്റ്യൂട്ട് ഇത്തരത്തിലുള്ള ശില്പശാലകൾ തുടർന്നും സംഘടിപ്പിക്കണമെന്നും ഇതുവഴി വിവർത്തനത്തിന്റെ ഭാഗമായി ഉണ്ടാകുന്ന സങ്കീർണതകളും വെല്ലുവിളികളും ഒഴിവാക്കാമെന്നും ശില്പശാല അവലോകനത്തിൽ പ്രതിനിധികൾ അഭിപ്രായപ്പെട്ടു.

ആദ്യ ദിവസം വിവർത്തനത്തിന് ഒരാമുഖം, വിവർത്തനം രീതികളും പ്രയോഗങ്ങളും എന്നീ സെഷനുകളിൽ ഡോ. വിഷ്ണു നാരായണനും വ്യാകരണവും പദവിന്യാസവും സംഭവിക്കാവുന്ന സാധാരണ പിഴവുകളും', 'സാംസ്കാരിക പ്രാദേശികവ്യതിയാനങ്ങൾ ഭാഷാശാസ്ത്രത്തിൽ' എന്നീ സെഷനുകളിൽ ബേബി ജോസഫും ക്ലാസുകൾ നയിച്ചു. ഭാരത് ഭവനുമായി സഹകരിച്ച് സംഘടിപ്പിച്ച ശില്പശാലയിൽ തെരഞ്ഞെടുത്ത 150 ഓളം പ്രതിനിധികളാണ് പങ്കെടുത്തത്.

മുൻ ചീഫ് സെക്രട്ടറി ഡോ. വി. വേണു ഐ.എ.എസ്. ആണ് പരിഭാഷാശില്പശാലയുടെ ഉദ്ഘാടനം നിർവഹിച്ചത്.

ഉദ്ഘാടന സെഷനിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യുട്ട് ഡയറക്ടർ ഡോ. എം. സത്യൻ അധ്യക്ഷനായി. അഡ്വ. ഗോപിനാഥൻ നായർ, ശശിധരൻപിള്ള എന്നിവർ സന്നിഹിതരായിരുന്നു. അസി. ഡയറക്ടർ സുജാ ചന്ദ്ര പി. സ്വാഗതവും റിസർച്ച് ഓഫീസർ സ്മിത ഹരിദാസ് നന്ദിയും പറഞ്ഞു.



തുറവൂർ പഞ്ചായത്തിൻറെ സഹകരണത്തോടെ ആനപ്പാറ വില്ലേജിൽ നടത്തിയ ജല പരിശോധന റിപ്പോർട്ട് ഫിസാറ്റ് ചെയർമാൻ പി ആർ ഷിമിത്ത് ആനപ്പാറ പള്ളി വികാരി ഫാ. ബേസിൽ പുഞ്ച പുതുശ്ശേരിക്ക് കൈമാറുന്നു.

# ഫിസാറ്റിൽ ജല ഗുണ നിലവാര പരിശോധന ക്യാമ്പ് തുടങ്ങി

**കൊച്ചി:** അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജിൽ ജല ഗുണ നിലവാര പരിശോധന ക്യാമ്പിന് തുടക്കമായി. വീടുകളിലും സ്ഥാപനങ്ങളിലും മറ്റും ഉപയോഗിക്കുന്ന വെള്ളത്തിൻറെ ഗുണ നിലവാരം പരിശോധിച്ചു കണ്ടെത്തുകയാണ് ക്യാമ്പ് വഴി ലക്ഷ്യം വെക്കുന്നത് പദ്ധതിയുടെ ഭാഗമായി തുറവൂർ പഞ്ചായത്തിന്റെ സഹകരണത്തോടെ ആനപ്പാറ വില്ലേജിലെ വീടുകളിലെയും പൊതു സ്ഥലങ്ങളിലെയും വെള്ളം പരിശോധിച്ചു പഞ്ചായത്തിന് റിപ്പോർട്ട് കൈമാറി. പദ്ധതിക്ക് അധ്യാപകരുടെ നേതൃത്വത്തിൽ രൂപികരിച്ച ടീമിൽ വിദ്യാർത്ഥികളുടെ സഹകരണവും ഉറപ്പു വരുത്തുന്നുണ്ട്. ഇതു വഴി വിദ്യാർത്ഥികൾക്കും അവരുടെ പഠന നിലവാരം ഉയർത്തുന്നതിന് കഴിയും. പുറമെ നിന്നുള്ള ആളുകൾക്ക് ഒറ്റക്കും ഗ്രൂപ്പ് ആയും വെള്ളം കൊണ്ട് വന്നു പരിശോധിക്കുന്നതിന് അവസരം ഒരുക്കിയിട്ടുണ്ട്. ആനപ്പാറ വില്ലേജിലെ ജല പരിശോധന റിപ്പോർട്ട് കോളേജ് ചെയർമാൻ പി ആർ ഷിമിത്ത് ആനപ്പാറ പള്ളി വികാരി ഫാ ബേസിൽ പുഞ്ച പുതുശ്ശേരിക്ക് കൈമാറി. ചടങ്ങിൽ സിവിൽ എൻജിനിയറിങ് വിഭാഗം മേധാവി ഡോ ജിജി ആന്റണി അധ്യാപകരായ അന്ന റോസ്, നീരജ നായർ, സോഫി തോമസ് സ്റ്റുഡന്റ് കോഓർഡിനേറ്റർ അരുൺ ജെയ്സൺ തുടങ്ങിയവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# കേരള എന്റർപ്രണേഴ്സ് ഡെവലപ്മെന്റ് ഫോറം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

**കൊച്ചി:** കേരളത്തിലെ സൂക്ഷ്മ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐ) നേതൃത്വം നൽകുന്ന കേരള എന്റർപ്രണേഴ്സ് ഡെവലപ്മെന്റ് ഫോറം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. സിഐഐ സെന്റർ ഓഫ് എക്സലൻസ് ഓൺ എംപ്ലോയ്മെന്റ് & ലൈവ്‌ലിഹുഡ് സ്ഥാപിച്ച ഫോറം തൊഴിൽ അന്വേഷകരെ തൊഴിൽ ദാതാക്കളാക്കി മാറ്റുകയും സൂക്ഷ്മ സംരംഭങ്ങൾക്ക് സമഗ്രമായ പിന്തുണ നൽകുന്നതിനും ലക്ഷ്യമിടുന്നു.

ചെറുകിട, ഇടത്തരം സംരംഭങ്ങൾ (എംഎസ്എംഇ) സമ്പദ്‌വ്യവസ്ഥയിൽ വഹിക്കുന്ന നിർണായക പങ്ക് മനസിലാക്കി കൊണ്ട് ഇത്തരം സംരംഭങ്ങളെ പിന്തുണക്കുകകയാണ് ഫോറം കൊണ്ട് ലക്ഷ്യമിടുന്നത്. വ്യവസായങ്ങളെ സൂക്ഷ്മ സംരംഭകരുമായി ബന്ധിപ്പിക്കുക, മെന്റർഷിപ്പ് പ്രോഗ്രാമുകൾക്ക് സൗകര്യമൊരുക്കുക, നൈപുണ്യ വികസനം ത്വരിതപ്പെടുത്തുക, വളർച്ച കൈവരിക്കാവുന്ന ബിസിനസ് മോഡലുകൾ വികസിപ്പിക്കുക എന്നിവയിൽ ഈ സെന്റർ ഓഫ് എക്സലൻസ് ശ്രദ്ധ കേന്ദ്രീകരിക്കും.

മെന്റർഷിപ്പ്, നെറ്റ്‌വർക്കിംഗ്, ശേഷി വർദ്ധിപ്പിക്കൽ പ്രോഗ്രാമുകൾ എന്നിവ ഫോറം വാഗ്ദാനം ചെയ്യുന്നു. സൂക്ഷ്മ സംരംഭകർക്ക് വെല്ലുവിളികളെ അഭിസംബോധന ചെയ്യാനും വ്യവസായ മെന്റർഷിപ്പ് നേടാനും ബിസിനസ്സ് മാർഗ്ഗനിർദ്ദേശം സ്വീകരിക്കാനുമുള്ള വേദി ഫോറം ഒരുക്കും.

വിഗാർഡ് ഇൻഡസ്ട്രീസിന്റെ പിന്തുണയോടെ ആദ്യ ബാച്ചിലെ 50 സൂക്ഷ്മ സംരംഭകർക്ക് അവരുടെ ബിസിനസുകൾ വികസിപ്പിക്കുന്നതിനുള്ള ഉപകരണങ്ങൾ, പരിശീലനം, വ്യവസായ ബന്ധങ്ങൾ എന്നിവ ലഭ്യമാക്കും. സംരഭകർക്ക് മെന്റർഷിപ്പ് നൽകുക നവാസ് മീരാനും, വിനോദ് മഞ്ഞിലയുമാണ്.

സംസ്ഥാനത്ത് സൂക്ഷമ സംരംഭകത്വത്തെ പിന്തുണയ്ക്കുന്നതിനുള്ള സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. വ്യവസായ മന്ത്രി പി രാജീവ്, സിഐഐ ദക്ഷിണ മേഖല ചെയർപേഴ്സൺ ഡോ. ആർ നന്ദിനി, സിഐഐ ദക്ഷിണ മേഖല ഡെപ്യൂട്ടി ചെയർമാൻ തോമസ് ജോൺ മുത്തൂറ്റ്, സിഐഐ കേരള ചെയർമാൻ വിനോദ് മഞ്ഞില എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

നിലവിലെ ബിസിനസ് സംരംഭകർ സൂക്ഷ്മ സംരംഭകരെ പിന്തുണച്ച് അടിത്തട്ടിൽ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തണമെന്ന് സിഐഐ ആഹ്വാനം ചെയ്തു. സൂക്ഷ്മ സംരംഭകത്വ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രതിബദ്ധത വിഗാർഡ് ഇൻഡസ്ട്രീസ് മാനേജിംഗ് ഡയറക്ടർ നിതിൻ യോഗത്തിൽ പറഞ്ഞു.

സഹകരണത്തിന്റെ പ്രാധാന്യം സിഐഐ പ്രതിനിധികൾ എടുത്തു പറയുകയും സെന്ററും സംസ്ഥാന സർക്കാരും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം മുഖ്യമന്ത്രിയിൽ നിന്ന് തേടുകയും ചെയ്തു. ഈ സംരംഭം ചെറുകിട ബിസിനസുകളെ ശാക്തീകരിക്കുമെന്നും തൊഴിൽ സൃഷ്ടിക്കുമെന്നും കേരളത്തിൽ സുസ്ഥിരമായ സാമ്പത്തിക വളർച്ചയ്ക്ക് കാരണമാകുമെന്നും സിഐഐ പ്രത്യാശ പ്രകടിപ്പിച്ചു.

കേരളത്തെ 1 ട്രില്യൺ ഡോളർ ഇക്കോണമി ആക്കുവാൻ ലക്ഷ്യമിടുന്ന സിഐഐ കേരള തയ്യാറാക്കിയ കേരള വിഷൻ ഡോക്യുമെന്റ് 2047 ഈ അവസരത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുറത്തിറക്കി.

# കാസ്കേഡ്2025 സമാപിച്ചു

**കൊച്ചി;** മനക്കക്കടവ് കൊച്ചിൻ ആർട്സ് ആൻഡ് സയൻസ് കോളേജിൽ സംഘടിപ്പിച്ച കലാ സാംസ്കാരിക തൊഴിൽ മേളയായ കാസ്കേഡ് 2025 സമാപിച്ചു. കാസ്കേഡ് മെഗാഫെസ്റ്റിൽ അമ്പതിൽ പരം കോളേജിൽ നിന്നുള്ള കുട്ടികൾ പങ്കെടുത്തു. 30 പരം തൊഴിൽ ദാതാക്കൾ പങ്കെടുത്ത തൊഴിൽ മേളയിലൂടെ 500ൽ പരം കുട്ടികൾക്ക് ജോലിവാഗ്ദാനം ലഭിച്ചു. 4 ദിവസം നീണ്ടുനിന്ന ഫെസ്റ്റിൽ ബെന്നി ബഹനാൻ എം.പി, പി.വി.ശ്രീനിജൻ എം.എൽ.എ, ഫ്രഷ് ടു ഹോം സഹ സ്ഥാപകൻ മാത്യു ജോസഫ്, റൊട്ടേറിയൻമാരായ സാലു മുഹമ്മദ്, ജയശങ്കർ,കോളേജ് ചെയർമാൻ എ.എം.അബൂബക്കർ, മാനേജർ ഡോ.ബനസീർ ഹുസൈൻ, പ്രിസൻസിപ്പാൾ രഞ്ജിത്ത് കെ ഫിലിപ്പ് തുടങ്ങിയവർ പ്രസംഗിച്ചു. ചടങ്ങിൽ ഗിന്നെസ് വേൾഡ് റെക്കോർഡ് ജേതാവ് ജിതിൻ, ആർട്ടിസ്റ് ഗോകുലൻ എന്നിവരെ ആദരിക്കുകയും ചെയ്തു.

# മോഡി വേ ദി ന്യൂ വേ അവതരിപ്പിച്ച് മോഡികെയർ

**കൊച്ചി:** ഡയറക്ട് സെല്ലിങ് രംഗത്ത് പുതിയ വിപ്ലവങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യവുമായി മോഡികെയർ മോഡി വേ ദി ന്യൂ വേ അവതരിപ്പിച്ചു. മോഡികെയറിൻറെ ഏറ്റവും മികച്ച പ്രകടനം നടത്തുന്ന പത്ത് വിപണികളിൽ ഒന്നാണ് കേരളം. ഉപഭോക്താക്കളുടെ ഉയർന്നു വരുന്ന ആവശ്യങ്ങൾക്ക് അനുസൃതമായാണ് മോഡി വേ അവതരിപ്പിച്ചിരിക്കുന്നത്.

ശരീര ഭാരം കുറക്കുകയും അതു തുടർന്നു കൈകാര്യം ചെയ്യുകയും സാധ്യമാക്കുന്ന ഷെയ്പ് ഷിഫ്റ്റ്, ചർമ്മ, കേശ പരിചരണത്തിനും അപ്പുറം നേട്ടങ്ങൾ നൽകുന്ന ഫോറസ്റ്റ് നെക്ടർ, ഭക്ഷണത്തിനു പുതിയ മാനങ്ങൾ നൽകുന്ന സോൾ ഷെഫ് തുടങ്ങിയവയാണ് വികസനത്തിൻറെ ഭാഗമായി മോഡികെയർ അവതരിപ്പിച്ചിട്ടുള്ളത്.

നിലവിൽ കേരളത്തിൽ നിന്നു മോഡികെയറിന് അഞ്ചു കോടി രൂപയുടെ ബിസിനസാണുള്ളത്. വർഷാവസാനത്തോടെ ഇത് 25 കോടി രൂപയായി വർധിപ്പിക്കുകയാണ് ലക്ഷ്യം. എം ഫിറ്റ് ക്ലബ്ബ് അടക്കം നിരവധി പുതിയ നീക്കങ്ങൾ കേരളത്തിലെ ഉപഭോക്താക്കൾക്കായി നടപ്പാക്കാൻ മോഡികെയർ പദ്ധതിയിടുന്നുണ്ട്.

വർഷാവസാനത്തോടെ തങ്ങളുടെ ബിസിനസ് അഞ്ചു മടങ്ങാക്കി വർധിപ്പിക്കുയും 50,000ത്തോളം കുടുംബങ്ങളെ കേരളത്തിൽ മോഡികെയർ ഡയറക്ട് സെല്ലിങ് ശൃംഖലയിൽ പ്രതിവർഷം ഉൾപ്പെടുത്തുകയുമാണ് ഉദ്ദേശമെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ മോഡികെയർ മാനേജിങ് ഡയറക്ടറും സ്ഥാപകനുമായ സമീർ കെ മോഡി പറഞ്ഞു.

# അയാക്ടാകോൺ 2025; ദേശീയ സമ്മേളനത്തിന് കൊച്ചിയിൽ തുടക്കമായി

**കൊച്ചി:** ഇന്ത്യയിലെ കാർഡിയാക് അനസ്തേഷ്യ ഡോക്ടർമാരുടെ സംഘടനയായ ഇന്ത്യൻ അസോസിയേഷൻ ഓഫ് കാർഡിയോവാസ്കുലർ തൊറാസിക് അനസ്തേഷ്യോളജിസ്റ്റ്സ് (അയാക്ടാ) ന്റെ 28ാമത് ദേശീയ സമ്മേളനം ' അയാക്ടാകോൺ 2025 ' ന് കലൂർ ഐഎംഎ ഹൗസിൽ തുടക്കമായി. കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. നല്ലൊരു വ്യക്തിക്കു മാത്രമെ നല്ലൊരു ഡോക്ടർ ആകാൻ സാധിക്കുവെന്നും അതുപോലെ നല്ലൊരു ഡോക്ടറിനു മാത്രമെ നല്ലൊരു വ്യക്തിയാകാൻ സാധിക്കുവെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. രോഗികൾ തങ്ങളുടെ ദൈവത്തെപ്പോലെയാണ് ഡോക്ടർമാരെ കാണുന്നത്. എത്രതന്നെ പ്രതിസന്ധികൾ ഉണ്ടായാലും കരുണയും അനുകമ്പയും ഡോക്ടർക്ക് നഷ്ടമാകരുതെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു.

അയാക്ട ദേശീയ പ്രസിഡന്റ് ഡോ. തോമസ് കോശി അധ്യക്ഷത വഹിച്ചു. ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി ഡോ. അനിൽ കർലേക്കറിനെ ചടങ്ങിൽ ആദരിച്ചു. ഇൻഡ്യൻ കോളജ് ഓഫ് കാർഡിയാക് അനസ്തേഷ്യ നടത്തിയ വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയവർക്കുള്ള സർട്ടിഫിക്കറ്റുകളും ഫലകങ്ങളും ഫെലോഷിപ്പുകളും ചടങ്ങിൽ വിതരണം ചെയ്തു. ഇൻഡ്യൻ കോളജ് ഓഫ് കാർഡിയാക്ക് അനസ്തേഷ്യ ചാൻസലർ ഡോ. പ്രഭാത് തിവാരി , അയാക്ട ദേശീയ സെക്രട്ടറി ഡോ.എൻ. കനകരാജ്, അയാക്ടാകോൺ 2025 രക്ഷാധികാരി ഡോ. കെ. വിനോദൻ, ഓർഗനൈസിംഗ് ചെയർമാൻ ഡോ.ജേക്കബ്ബ് എബ്രഹാം, സെക്രട്ടറി ഡോ. ജോയൽ ദേവസ്യ തുടങ്ങിയവർ പ്രസംഗിച്ചു.


ഇന്ത്യൻ അസോസിയേഷൻ ഓഫ് കാർഡിയോവാസ്കുലർ തൊറാസിക് അനസ്തേഷ്യോളജിസ്റ്റ്സ് (അയാക്ടാ) ന്റെ 28ാമത് ദേശീയ സമ്മേളനം ' അയാക്ടാകോൺ 2025 'ന് കലൂർ ഐഎംഎ ഹൗസിൽ കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.ഡോ. ജേക്കബ്ബ് എബ്രഹാം, ഡോ.എൻ. കനകരാജ്, ഡോ. തോമസ് കോശി, ഡോ. കെ. വിനോദൻ, ഡോ. പ്രഭാത് തിവാരി, ഡോ. ജോയൽ ദേവസ്യ തുടങ്ങിയവർ സമീപം

ഹാർട്ട് ഫെയിലർ ആന്റ് അനസ്തേഷ്യ എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി അയാക്ടാ കൊച്ചിൻ ചാപ്റ്ററിന്റെ നേതൃത്വത്തിലാണ് സമ്മേളനം നടക്കുന്നത്.ഹൃദയം, ശ്വാസകോശം മാറ്റിവെയ്ക്കൽ, ഹൃദ്രോഗ ശസ്ത്രക്രിയകൾ, അനസ്തേഷ്യ, തീവ്രപരിചരണം, അനസ്തേഷ്യ മേഖലയിൽ ഉപയോഗിക്കുന്ന അതിനൂതന സാങ്കേതിക വിദ്യകൾ, പ്രയോഗരീതികൾ, ഗവേഷണങ്ങൾ, കണ്ടുപിടുത്തങ്ങൾ ഉൾപ്പെടെയുള്ളവയിൽ ഇന്ത്യയിൽ നിന്നു കൂടാതെ വിദേശരാജ്യങ്ങളിൽ നിന്നുള്ള 20 ലധികം വിദഗ്ദ്ധരായ ഡോക്ടർമാരും സമ്മേളനത്തിൽ പ്രഭാഷണം നടത്തും. രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 600 ഓളം ഡോക്ടർമാർ സമ്മേളനത്തിൽ പ്രതിനിധികളായി എത്തുന്നുണ്ട്. 23 ന് സമ്മേളനം സമാപിക്കും.

# ജനറേറ്റീവ് എഐയിൽ ആഗോള ശക്തിയാകാൻ ബ്രഹ്മ–മെറ്റാഫിസിക് ലയനം

**കൊച്ചി:** എഐ,കണ്ടന്റ് ടെക്നോളജി രംഗത്തെ ആഗോള കമ്പനിയായ ഡിഎൻഇജി ഗ്രൂപ്പിന്റെ ബ്രഹ്മ എ ഐ കണ്ടന്റ് ക്രിയേഷൻ സാങ്കേതികവിദ്യാ രംഗത്തെ പ്രമുഖ ഡെവലപ്പറായ മെറ്റാഫിസിക്കിനെ ഏറ്റെടുക്കുന്നു.

ലയനം വഴി നടപ്പാക്കിയിരിക്കുന്ന ഏറ്റെടുക്കലിലൂടെ സംരംഭങ്ങൾക്കായുള്ള ബ്രഹ്മയുടെ എഐ പവേഡ് ഉൽപ്പന്നങ്ങൾ, ഐ പി റൈറ്റ്സ് ഹോൾഡേഴ്സ്, കണ്ടന്റ് ക്രിയേറ്റർ മാർ എന്നിവയുടെ വികാസത്തിന് വേഗം കൂട്ടുകയും ഉന്നത നിലവാരമുള്ള കണ്ടന്റ് തയ്യാറാക്കാൻ ക്രിയേറ്റർമാരെ ശക്തരാക്കുകയും ചെയ്യുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ലയനത്തോടെ ബ്രഹ്മയുടെ മൂല്യം 1.43 യു എസ് ബില്ല്യൺ ഡോളറായി. അബുദാബി ആ സ്ഥാനമായി പ്രവർത്തിക്കുന്ന നിക്ഷേപകരായ യുണൈറ്റഡ് അൽ സാഖർ ഗ്രൂപ്പ് (യുഎഎസ് ജി) ഡിഎൻഇജി ഗ്രൂപ്പുമായി സഹകരിച്ച് 25 മില്ല്യൺ യുഎസ് ഡോളർ കൂടി നിക്ഷേപി ക്കാനൊരുങ്ങുകയാണ്. 2024ൽ ഡിഎൻ ഇജി ഗ്രൂപ്പിൽ യുഎഎസ്ജി നടത്തിയ 200 മില്ല്യൺ യുഎസ് ഡോളർ നിക്ഷേപത്തിനു പിന്നാലെയാണിത്. മെറ്റാഫിസിക്കിന്റെ ബൽ, എസ് 32, റോക്കൻ, ക്യാപിറ്റൽ, ടി ഓ വെഞ്ചേഴ്സ്, 8വിസി തുടങ്ങിയവരുൾപ്പടെയുള്ളവർ ബ്രഹ്മയിൽ ഷെയർ ഹോൾഡർ മാരാകും. വീഡിയോ, ഇമേജ്, ഓഡിയോ ഫോർ മാറ്റുകളിൽ യൂസർ കസ്റ്റമൈസ്ഡ് കണ്ടന്റുകൾ വികസിപ്പിക്കാനായി രൂപകൽപ്പന ചെയ്ത എഐ നേറ്റീവ് ഉത്പന്നങ്ങളുടെ സമഗ്രമായ സ്യൂട്ടിന്റെ ഭാഗമായി എഐ, ഡേറ്റ, കണ്ടന്റ് വർക്ക് ഫ്ലോ മാനേജ്മെന്റ് എന്നിവയുടെ അടിസ്ഥാന സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി തയാറെടുക്കുകയാണ് ബ്രഹ്മ. ലയനത്തിനു ശേഷം 800 ലധികം എൻജിനീയർമാരും ക്രിയേറ്റീവ് സാങ്കേതികവിദ്യാ വിദഗ്ധരുമടങ്ങുന്ന ആഗോള ടീമായി ബ്രഹ്മ മാറുമെന്ന പ്രതീക്ഷയും അധികൃതർ വ്യക്തമാക്കി.

# തനിഷ്ക് സോൾമേറ്റ്സ് ഡയമണ്ട് പെയർ അവതരിപ്പിച്ചു



**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ആഭരണ ബ്രാൻഡായ തനിഷ്ക് 'ദി സോൾമേറ്റ്സ് ഡയമണ്ട് പെയർ' എന്ന പേരിലുള്ള മോതിര ജോഡി വിപണിയിലവതരിപ്പിച്ചു. നൂറ് കോടി വർഷം പഴക്കമുള്ള ഒരൊറ്റ നാച്ചുറൽ ഡയമണ്ടിൽ നിന്ന് നിർമ്മിച്ച മോതിര ജോഡികളാണ് ഈ എക്സ്ക്ലൂസീവ് ശേഖരത്തിലുള്ളതെന്ന് ടൈറ്റൻ കമ്പനി ലിമിറ്റഡ്, തനിഷ്ക് റീട്ടെയിൽ ആൻഡ് മാർക്കറ്റിംഗ് വൈസ് പ്രസിഡൻറ് അരുൺ നാരായൺ പറഞ്ഞു. ആന്തരികമായി ബന്ധപ്പെട്ടിരിക്കുന്ന ഈ മോതിരങ്ങൾ ദമ്പതികൾ തമ്മിലുള്ള അപൂർവവും ശാശ്വതവുമായ ബന്ധത്തെ പ്രതിഫലിപ്പിക്കുന്നവയാണ്. ഡി ബിയേഴ്സ് ഗ്രൂപ്പിൻറെ സഹകരണത്തോടെയാണ് തനിഷ്ക് ഈ സവിശേഷ ആഭരണ ശ്രേണി വിപണിയിലെത്തിച്ചത്.സോൾമേറ്റ്സ് ഡയമണ്ട് പെയർ ശേഖരത്തിൽ ഉപയോഗിച്ചിരിക്കുന്ന അപൂർവ പ്രകൃതിദത്ത ഡയമണ്ടുകൾ കോടിക്കണക്കിന് വർഷങ്ങളായി ഭൂമിക്കുള്ളിൽ ഒരുമിച്ചായിരുന്നവയാണ്. അർത്ഥവത്തായ ഒരു ബന്ധം പോലെതന്നെ നിത്യതയുടെയും അതിജീവനത്തിൻറെയും യഥാർത്ഥ പ്രതീകമാണ് ഈ ഡയമണ്ടുകൾ. ഒരുമിച്ചായിരുന്ന ഉത്ഭവം, ഒരുമിച്ചു ജീവിക്കാൻ നിശ്ചയിച്ച രണ്ട് വ്യക്തികൾ തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ പ്രതിനിധീകരിക്കുന്നതാണ്.

ഒരൊറ്റ പ്രകൃതിദത്ത റഫ് ഡയമണ്ടിൽ നിന്ന് സൃഷ്ടിച്ച സോളിറ്റയർ മോതിര ജോഡികളുടെ അതിമനോഹരമായ ശേഖരമാണിത്. ഒരൊറ്റ ഡയമണ്ട് രൂപപ്പെടാൻ നൂറ് കോടി വർഷങ്ങൾ എടുക്കുന്നു എന്നതാണ് ഇതിനെ വേറിട്ടുനിർത്തുന്നതെന്നും അദ്ദേഹം പറഞ്ഞു.

# വേദാന്തയുടെ വിഭജനത്തിന് ഓഹരി ഉടമകളുടേയും വായ്പാ ദാതാക്കളുടേയും അംഗീകാരം

**കൊച്ചി:** വേദാന്തയെ വിവിധ മേഖലകൾ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന അഞ്ച് സ്വതന്ത്ര സ്ഥാപനങ്ങളായി വിഭജിക്കുന്നതിന് ഓഹരി ഉടമകളുടേയും വായ്പാ ദാതാക്കളുടേയും അംഗീകാരം ലഭിച്ചു.

99.99 ശതമാനം ഓഹരി ഉടമകളും 99.59 ശതമാനം സെക്യൂർഡ് വായ്പാ ദാതാക്കളും 99.95 ശതമാനം അൺസെക്യൂർഡ് വായ്പാ ദാതാക്കളും ഇതിനെ പിന്തുണച്ചു വോട്ടു ചെയ്തതായി സ്റ്റോക് എകസ്ചേഞ്ചിൽ വേദാന്ത ഫയൽ ചെയ്ത വിവരങ്ങളിൽ വ്യക്തമാക്കി.

വിഭജന പ്രക്രിയകൾ പൂർത്തിയാകുമ്പോൾ വേദാന്ത ഓഹരി ഉടമകൾക്ക് വിഭജിക്കപ്പെട്ട പുതിയ നാലു കമ്പനികളിലും ഓരോ അധിക ഓഹരി വീതം ലഭിക്കും.

അടിസ്ഥാന ലോഹങ്ങൾ കൈകാര്യം ചെയ്യുന്ന വേദാന്ത ലിമിറ്റഡ്, വേദാന്ത അലൂമിനിയം, വേദാന്ത ഓയിൽ ആൻറ് ഗാസ്, വേദാന്ത പവർ, വേദാന്ത അയേൺ ആൻറ് സ്റ്റീൽ എന്നിവയായിരിക്കും വിഭജനത്തെ തുടർന്നുള്ള കമ്പനികൾ. നിയമപരമായ മറ്റ് അനുമതികൾക്ക് അനുസൃതമായിട്ടാവും വിഭജന പ്രക്രിയകൾ മുന്നോട്ടു പോകുക.

# ഫുഡ് ടെക്ക്, ഫാഷൻ മേഖലകളിൽ സ്റ്റാർട്ടപ്പുകൾ ഊർജ്ജിതമാവണം: വിദഗ്ദ്ധർ

**കൊച്ചി:** രാജ്യത്തെ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്ന മേഖലകളിൽ ഫുഡ് ടെക്നോളജിയും ഫാഷനും കൂടുതൽ പ്രാധാന്യം കൈവരേണ്ടതുണ്ടെന്ന് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ (ഐകെജിഎസ്) വിദഗ്ധർ അഭിപ്രായപ്പെട്ടു. നൂതന സംരംഭങ്ങളിലെ വനിതാ നേതാക്കൾ മികവുകാട്ടുന്നതിന് തടയിടുന്ന രീതിയിൽ സാമൂഹികസാംസ്കാരിക ഘടകങ്ങൾ പ്രവർത്തിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇതിന് പ്രത്യേക പ്രാധാന്യമുണ്ടെന്നും വിദഗ്ധർ ചൂണ്ടിക്കാട്ടി.

ഹാർഡ് വെയറിന് ശക്തമായ സർക്കാർ പിന്തുണ വേണമെന്നും സ്ഥാപനങ്ങൾ പ്രാരംഭഘട്ടത്തിൽ അടച്ചുപൂട്ടുന്നതെന്തു കൊണ്ടെന്നതിന് ശാസ്ത്രീയപഠനങ്ങൾ ഉണ്ടാകണമെന്നും ഉച്ചകോടിയിൽ സ്റ്റാർട്ടപ്പുകളെ സംബന്ധിച്ച ചർച്ചയിൽ അഭിപ്രായമുയർന്നു.

വനിതാ സംരംഭകരിൽ പ്രതിഭകൾക്ക് ഇന്ത്യയിൽ കുറവില്ലെന്ന് സഫിൻ ഇന്ത്യ മാനേജിംഗ് ഡയറക്ടർ സുജ ചാണ്ടി പറഞ്ഞു. പലപ്പോഴും അവസരങ്ങളുടെ അഭാവം അവരുടെ കഴിവുകളെ ഇല്ലാതാക്കുന്നുവെന്നും സുജ കൂട്ടിച്ചേർത്തു. കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക സെഷൻ മോഡറേറ്റ് ചെയ്തു.

സ്റ്റാർട്ടപ്പ് മേഖലയിൽ പരീക്ഷണങ്ങളെ തുറന്ന മനസ്സോടെ സമീപിക്കുന്നവരാണ് കേരളീയരെന്ന് എയ്സ്വയർ ഫിൻടെക് എം.ഡി. നിമിഷ ജെ വടക്കൻ പറഞ്ഞു. പുതിയ സംരംഭങ്ങളുടെ വളർച്ചയെ സുഗമമാക്കുന്ന ഫീഡ്ബാക്ക് നേടാൻ ഇത് സഹായകമാവുന്നുവെന്നും രാജ്യത്തെ മൈക്രോഫിനാൻസിംഗ് എല്ലാ ജനവിഭാഗത്തേയും ഉൾക്കൊള്ളണമെന്നും അവർ കൂട്ടിച്ചേർത്തു.

അധികാരികൾ ഹാർഡ് വെയറിന് പ്രാധാന്യം കുറവാണ് നൽകുന്നതെന്ന് സദസ്സ് നിരീക്ഷിച്ചു. എന്നാൽ രാജ്യത്തെ ഏറ്റവും വലിയ ഇലക്ട്രോണിക് ഹാർഡ് വെയർ ഇൻകുബേറ്ററും ഇഎസ്ഡിഎം സൗകര്യവുമുള്ള മുൻനിര മേക്കർ വില്ലേജ് കേരളത്തിനുണ്ടെന്ന് അനൂപ് അംബിക ചൂണ്ടിക്കാട്ടി. കേന്ദ്ര മന്ത്രാലയത്തിനു കീഴിലുള്ള ഈ സ്റ്റാർട്ടപ്പ് സംരംഭം പത്താം വർഷത്തിലേക്ക് കടക്കുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

മെഡ്ജെനോം സ്ഥാപക ചെയർമാനും ഗ്ലോബൽ സിഇഒയുമായ സാം സന്തോഷ്, ജിഫി.എഐ സിഇഒ ബാബു ശിവദാസൻ, ഓപ്പൺ ഫിനാൻഷ്യൽ ടെക്നോളജീസ് സഹസ്ഥാപകൻ അനീഷ് അച്യുതൻ, ഓസ്ട്രേലിയയിലെ സീനിയർ ട്രേഡ് ആൻഡ് ഇൻവെസ്റ്റ്മെൻറ് കമ്മീഷണർ ജോൺ സൗത്ത്വെൽ എന്നിവരായിരുന്നു മറ്റ് പ്രഭാഷകർ.

ലുലു ബോൾഗാട്ടി ഇൻറർനാഷണൽ കൺവെൻഷൻ സെൻററിൽ നടക്കുന്ന ഇൻവസ്റ്റ് കേരളയിൽ മൂവായിരത്തോളം പ്രതിനിധികളാണ് പങ്കെടുക്കുന്നത്.



# ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടി: 850 കോടി നിക്ഷേപവുമായി ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ

**കൊച്ചി:** രാജ്യത്തെ മുൻനിര ആശുപത്രി ശൃംഖലയായ ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ അടുത്ത മൂന്ന് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് 850 കോടി രൂപയുടെ അധിക നിക്ഷേപം നടത്തും. കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ നടത്തിയ 500 കോടി രൂപയുടെ നിക്ഷേപത്തിന് പുറമെയാണ് പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിരിക്കുന്നത്. കേരളത്തിലേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങൾക്ക് ഊർജം നൽകുന്നതാണ് ഈ നിർണായക പ്രഖ്യാപനം. ആരോഗ്യസേവന രംഗത്തെ അടിസ്ഥാനസൗകര്യ വികസനത്തിനും കൂടുതൽ തൊഴിലവസരങ്ങൾസൃഷ്ടിക്കുന്നതിനും ഈ നിക്ഷേപം പ്രയോജനപ്പെടുത്തും. ഒപ്പം, കേരളത്തിലെ ആരോഗ്യരംഗത്ത് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ പുലർത്തുന്ന മേധാവിത്വം കൂടുതൽ ശക്തിപ്പെടുകയും ചെയ്യും. കൊച്ചിയിൽ നടക്കുന്ന ആഗോള നിക്ഷേപസംഗമത്തിന്റെ ഭാഗമായി ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ സ്ഥാപകചെയർമാൻ ഡോ. ആസാദ് മൂപ്പനും ഡയറക്ടർ അനൂപ് മൂപ്പനും മുഖ്യമന്ത്രി പിണറായി വിജയനുമായും വ്യവസായ മന്ത്രി പി. രാജീവുമായും കൂടിക്കാഴ്ച നടത്തി.

പുതുതായി രണ്ട് പ്രോജക്ടുകളാണ് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ കേരളത്തിൽ ആവിഷ്കരിക്കുന്നത്. 454 കിടക്കകളോടെ തിരുവനന്തപുരത്ത് പണികഴിപ്പിക്കുന്ന ആസ്റ്റർ ക്യാപിറ്റൽ ആണ് അതിലൊന്ന്. കാസർഗോഡ് ആസ്റ്റർ മിംസിൽ 264 കിടക്കകളും ഉണ്ടാകും. കൊച്ചിയിലെ ആസ്റ്റർ മെഡ്സിറ്റിആശുപത്രിയിൽ അധികമായി 962 കിടക്കകൾ കൂടി ഉൾപ്പെടുത്തും. ഈ സാമ്പത്തികവർഷം, കൊച്ചിയിൽ 100 കിടക്കകൾ കൂടി ഉൾപ്പെടുത്തിയിരുന്നു.

നിലവിൽ ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന് കീഴിൽ കേരളത്തിൽ ഏഴ് ആശുപത്രികളാണുള്ളത്. ഇവയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് 2,635 കിടക്കകൾ ഉണ്ട്. 2027 സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടെ കേരളത്തിലെ ആസ്റ്റർ ശൃംഖലയിലെ ആശുപത്രികളിലെ ആകെ കിടക്കകളുടെ എണ്ണം 3,453 ആയി ഉയർത്തും. കമ്പനിയുടെ ഇന്ത്യയിൽ നിന്നുള്ള വരുമാനത്തിന്റെ 53% വും കേരളത്തിൽ നിന്നാണ് (സാമ്പത്തികവർഷം 2025 ലെ ആദ്യത്തെ 9 മാസത്തെ കണക്കുകൾ പ്രകാരം).

വളർച്ചയുടെ ഓരോഘട്ടത്തിലും കേരളം എന്നും ആസ്റ്ററിന്റെ ഹൃദയത്തിലുണ്ടെന്ന് ആസ്റ്റർ ഡി.എം ഹെൽത്ത്കെയർ സ്ഥാപകനും ചെയർമാനുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു.

കേരളത്തിൽ ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ സുപ്രധാന പങ്കുവഹിച്ചിട്ടുണ്ടെന്ന് ഡയറക്ടർ അനൂപ് മൂപ്പൻ പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ജയലക്ഷ്മി സിൽക്സിന്റെ ആറാമത്തെ ഷോറൂം ഇന്ന് കൊച്ചിയിൽ തുറക്കും

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ റീട്ടെയിൽ വസ്ത്ര വിപണന ബ്രാൻഡായ ജയലക്ഷ്മി സിൽക്സിന്റെ ആറാമത്തേയും കൊച്ചിയിലെ രണ്ടാമത്തെയും ഷോറൂം പാലാരിവട്ടം ബൈപാസിൽ ഫെബ്രുവരി 22ന് രാവിലെ 10 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

പാരമ്പര്യത്തിന്റെയും ഉപഭോക്തൃ വിശ്വാസത്തിന്റെയും 77 വർഷങ്ങൾ പിന്നിട്ടാണ് പ്രതിബദ്ധതയുടെ പുതിയ ഘട്ടത്തിൽ ജയലക്ഷ്മി പ്രവേശിക്കുന്നതെന്ന് മാനേജിംഗ് ഡയറക്ടർ ഗോവിന്ദ് കമ്മത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. വിവാഹ വസ്ത്രങ്ങളും ഉത്സവകാല വസ്ത്രങ്ങളും ലഭ്യമായ വിപുലമായ ഷോറൂമിൽ കേരളത്തിന്റെ സമ്പന്നമായ പാരമ്പര്യവും മനോഹാരിതയും മികവുറ്റ ശില്പനൈപുണ്യവും ഒന്നിച്ചു ചേരുന്നുവെന്ന പ്രത്യേകതയുമുണ്ട്. ഇന്ത്യൻ നെയ്ത്ത് കലയുടെ മനോഹാരിത സംഗമിക്കുന്ന പുതിയ ഷോറൂമിൽ പരമ്പരാഗതവും ആധുനികവുമായ വസ്ത്രവൈവിധ്യത്തിന്റെ അത്യുജ്ജ്വല ശേഖരമാണ് ഒരുക്കിയിരിക്കുന്നത്. ഉപഭോക്താക്കൾക്കും ഫാഷൻ ആസ്വാദകർക്കും സാരി പ്രേമികൾക്കും മികച്ച ഷോപ്പിംഗ് കേന്ദ്രമായിരിക്കും പുതിയ ജയലക്ഷ്മി.

സാരികൾ മാത്രമല്ല, പുരുഷന്മാരുടേയും കുട്ടികളുടേയും വസ്ത്രങ്ങളും ഇവിടെ ലഭ്യമാകും. കുടുംബത്തിലെ ഏവർക്കുമൊരുക്കിയ സമ്പൂർണ്ണ ഷോപ്പിംഗ് അനുഭവം നൽകുകയാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. പുതിയ ഷോറൂം തങ്ങളുടെ ഗുണമേന്മയുടെയും വൈവിധ്യത്തിന്റെയും ഉപഭോക്തൃ സംതൃപ്തിയുടെയും പ്രതീകമാണ്. വിജയകരമായ പാരമ്പര്യം കൂടുതൽ പ്രേക്ഷകരിലേക്ക് എത്തിക്കാനുള്ള തങ്ങളുടെ ശ്രമം തുടരും.1985 മുതൽ ജയലക്ഷ്മി സിൽക്സ് സ്ത്രീകളെ തൊഴിൽ രംഗത്തേക്ക് എത്തിക്കുകയും അവരെ ശക്തിപ്പെടുത്തുന്നതിനും പ്രത്യേക പ്രാധാന്യം നൽകിയിരുന്നു. ജീവനക്കാരിൽ 80 ശതമാനം സ്ത്രീകളായതിൽ അത്യന്തം അഭിമാനമുണ്ടെന്നും പുതിയ ഷോറൂം കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചും സമൂഹ ഉന്നമനത്തിൽ സംഭാവന നൽകിയും മുന്നേറുമെന്ന് തങ്ങൾ പ്രതീക്ഷിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു. കൊച്ചി, തൃശൂർ, കോഴിക്കോട്, തിരുവനന്തപുരം, മംഗളൂരു എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന ജയലക്ഷ്മിയുടെ ഷോറൂമുകൾ ഇന്ത്യൻ റീട്ടെയിൽ വസ്ത്ര വ്യവസായത്തിൽ മഹത്തായ സാന്നിധ്യമാണ്. ജയലക്ഷ്മിയുടെ പുതിയ ഷോറൂമിൽ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി വിഭിന്ന ശേഷിക്കാരായ ഏഴുപേർക്ക് ജോലി നൽകിയതായി മാനേജിംഗ് ഡയറക്ടർ ഗോവിന്ദ് കമ്മത്ത് പറഞ്ഞു. തങ്ങളുടെ മറ്റു ഷോറൂമുകളിലും ഈ പദ്ധതി നടപ്പാക്കുമെന്നും അദ്ദേഹം അറിയിച്ചു. ഡയറക്ടർമാരായ നാരായണ കമ്മത്ത്, സതീഷ് കമ്മത്ത്, സുജിത്ത് കമ്മത്ത്, അഭിഷേക് കമ്മത്ത്, ഉല്ലാസ് കമ്മത്ത്, ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ ജയ്ദീപ് ഷെട്ടി എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ക്ഷേത്രങ്ങളിൽ റോബോട്ടിക് ആനയെ അവതരിപ്പിക്കാനൊരുങ്ങി വോയ്സ് ഫോർ ഏഷ്യൻ എലിഫന്റ്സ്

**തൃശൂർ:** മനുഷ്യനും ആനയും തമ്മിലുള്ള സംഘട്ടനം കൂടി വരികയും നാട്ടാനകളുമായി ബന്ധപ്പെട്ട ദാരുണ സംഭവങ്ങൾ വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ വോയ്സ് ഫോർ ഏഷ്യൻ എലിഫന്റ്സ് (വിഎഫ്എഇ). തൃശൂർ മാളയ്ക്കടുത്തുള്ള ചക്കാംപറമ്പ് ശ്രീഭഗവതി ക്ഷേത്രത്തിൽ ജീവനുള്ള ആനയുടെ അതേ വലിപ്പത്തിലുള്ള ശിവശക്തി എന്ന റോബോട്ടിക് ആനയെ അവതരിപ്പിക്കാനൊരുങ്ങുന്നു. ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്നതോടൊപ്പം ആനകളോടുള്ള ക്രൂരത അവസാനിപ്പിക്കുകയാണ് ലക്ഷ്യം. കേരളതമിഴ്നാട് അതിർത്തിയിലുള്ള മലയാളി ക്ഷേത്രമായ ശ്രീശങ്കരൻ കോവിലിൽ തമിഴ്നാട്ടിലെ ആദ്യത്തെ റോബോട്ടിക് ആനയെ അവതരിപ്പിച്ച് വിജയിച്ചതിനെ തുടർന്നാണ് വിഎഫ്എഇ മാളയിലും റോബോട്ടിക് ആനയെ പുറത്തിറക്കാനൊരുങ്ങുന്നതെന്ന് വോയ്സസ് ഫോർ ഏഷ്യൻ എലിഫന്റ്സിന്റെ സ്ഥാപക എക്സിക്യൂട്ടീവ് ഡയറക്ടർ സംഗീത അയ്യർ പറഞ്ഞു.

ആനകൾ കുടുംബസമേതം കാട്ടിൽ ജീവിക്കുന്ന സാമൂഹിക ജീവികളാണെന്ന് ശാസ്ത്രം പറയുന്നു. അവയെ ചങ്ങലയിൽ തളച്ചിട്ട് ക്രൂരമായ പീഡനങ്ങളേകരുത്. അഹിംസ എന്ന നമ്മുടെ സംസ്കാരം മുറുകെപ്പിടിക്കാനും ആനകളോടുള്ള ക്രൂരത അവസാനിപ്പിക്കാനും റോബോട്ടിക് ആനകൾ മികച്ച ബദലാണെന്നും സംഗീത അയ്യർ പറഞ്ഞു. യഥാർത്ഥ ആനകളെ കഷ്ടപ്പെടുത്താതെ, പാരമ്പര്യം കാത്തുസൂക്ഷിക്കാൻ റോബോട്ടിക് ആനകൾക്ക് കഴിയും. ജീവനുള്ള ആനകൾ സുരക്ഷാ അപകടങ്ങൾ ഗുരുതരമാണെന്ന് കൂടുതൽ ക്ഷേത്രങ്ങൾ മനസ്സിലാക്കി വരുന്നുണ്ട്. ശിവശക്തിയെ തന്നതിന് വോയ്സ് ഫോർ ഏഷ്യൻ എലിഫന്റ്സിനോട് നന്ദി പറയുന്നു. ഭാവിയിൽ സ്വന്തം റോബോട്ടിക് ആനയെ കൊണ്ടുവരാനും ഞങ്ങൾക്ക് ആഗ്രഹമുണ്ടെന്ന് ക്ഷേത്രത്തിന്റെ പബ്ലിക് ട്രസ്റ്റായ വിജ്ഞാനദായിനി സഭാ പ്രസിഡന്റ് സി.ഡി ശ്രീനാഥ് പറഞ്ഞു.

# അമൃത വിശ്വ വിദ്യാപീഠം ക്യാമ്പസിൽ ത്രിദിന അന്താരാഷ്ട്ര ഉച്ചകോടി മാർച്ച് 5 മുതൽ

**കൊച്ചി:** കൊച്ചി അമൃത വിശ്വ വിദ്യാപീഠം ക്യാമ്പസിൽ ത്രിദിന അന്താരാഷ്ട്ര ഉച്ചകോടി മാർച്ച് 5 മുതൽ ഏഴുവരെ നടക്കുമെന്ന് അമൃത വിശ്വവിദ്യാപീഠം സ്കൂൾസ് ഓഫ് ആർട്സ്, ഹ്യുമാനിറ്റീസ് ആൻഡ് കൊമേഴ്സ് ഡീനും ക്യാംപസ് ഡയറക്ടറുമായ പ്രൊഫ. യു കൃഷ്ണകുമാർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ പരിസ്ഥിതി സൗഹാർദ്ദപരമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്ന കാഴ്ചപ്പാട് മുന്നോട്ട് വെച്ചാണ് അമൃത സ്കൂൾസ് ഓഫ് ആർട്സ്, ഹ്യുമാനിറ്റീസ് ആൻഡ് കൊമേഴ്സ് ത്രിദിന കോൺഫറൻസ് സംഘടിപ്പിക്കുന്നത്. കൊച്ചി അമൃത വിശ്വ വിദ്യാപീഠത്തിലെ കൊമേഴ്സ് ആൻഡ് മാനേജ്മെന്റ്, വിഷ്വൽ മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻസ് വിഭാഗങ്ങളുടെ സംയുക്ത ആഭിമുഖ്യത്തിലാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്. ഉച്ചകോടിയിൽ പങ്കെടുക്കാൻ വിദ്യാർത്ഥികൾ, ഗവേഷകർ, അധ്യാപകർ, പ്രസ്തുത മേഖലയിലെ വിദഗ്ധർ എന്നിവർക്ക് ഫെബ്രുവരി 25 വരെ പ്രബന്ധങ്ങൾ രജിസ്റ്റർ ചെയ്യാം. പാനൽ ചർച്ചകൾ, ജൈവ വൈവിധ്യ സംരക്ഷണ പരിശീലന ശില്പശാലകൾ എന്നിവയും ഉച്ചകോടിയുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. ഡോ. ഹർഷ ഭാർഗവി (സാംസ്കാരിക മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്), ഡോ. എറിക് ബീൻ (ഇന്ത്യാന ടെക് യൂണിവേഴ്സിറ്റി, യുഎസ്എ), ഡോ. നിർമ്മാല്യ മുഖർജി (സെന്റർ ഫോർ പബ്ലിക് ഹെൽത്ത് റിസർച്ച്) എന്നിവരുൾപ്പെടെ പ്രശസ്തരായ വിദഗ്ധർ ചർച്ചകൾക്ക് നേതൃത്വം നൽകും. സുസ്ഥിരതയ്ക്ക് നിർമ്മിത ബുദ്ധിയുടെ പങ്ക് എന്ന വിഷയത്തിൽ ശില്പശാല, പരിസ്ഥിതി സൗഹൃദ ഉത്പന്നങ്ങളുടെ സ്റ്റാളുകൾ എന്നിവ ഉച്ചകോടിയുടെ ഭാഗമായി ഒരുക്കുന്നുണ്ട്.ഉച്ചകോടിയിൽ പങ്കെടുക്കുന്നവർക്കായി പോസ്റ്റർ ഡിസൈൻ നിർമാണം , ഹ്രസ്വ ചിത്ര മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കും. വൈസ് പ്രിൻസിപ്പൽ ഡോ. പി ബാലസുബ്രഹ്മണ്യൻ, ഡോ. എസ് ദിനേഷ് ബാബു എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.




LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663